KUMARASAMBHAVAM, PT. 2 - KALIDAS

032:1M73:12 F6.2

032:1M73:12
F62

3:12 F6.2
ENON (K.)
am.
MUL
034830

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:1M73:12 F62

Accession Number 34830

Available for loan from

This book should be returned on or before the date last marked below.

O61

# കുമാരസംഭവം

ഭാഷ.

## രണ്ടാം ഭാഗം

ഒമ്പതു മുതൽ പതിനേഴുവരെ സർഗ്ഗങ്ങൾ

പരിഭാഷകൻ

കവിതിലകൻ കുണ്ടൂർ നാരായണമേനോൻ ബി. എ.

ഒന്നാം പതിപ്പ് 1,000 പ്രതി.

തൃശ്ശിവപേരൂർ,

വി. സുന്ദരയ്യർ ആൻഡ് സൺസ്.

1101.

Price 12 As.] *Copy Right.* [വില 12 അണ.

34830
032:1M73:12
F6.2

# ശുദ്ധിപത്രം.

| ഭാഗം | പദ്യം | അബദ്ധം | സുബദ്ധം. |
|---|---|---|---|
| 22 | 55 | ഹഷാബ്ജിഗർ പൊലവർ | വിഷാബ്ജിഗരായവർ |
| 24 | 2 | പൊററു | പൊററും |
| 34 | 3 | നിിലതെന്ന | വാരിയിലെന്ന |
| 42 | 43 | "പരം | പരം |
| ,, | 44 | തമ | "തമ |
| 48 | 12 | സ്വരാജ്യ | സ്വാരാജ്യ |
| 50 | 22 | പങ്തി | പങ്ക്തി |
| 63 | 28 | പാരം | ഭാരം |
| 56 | 51 | കൊതിപ്പോർ | കൊതിച്ചോർ |
| 57 | 4 | സ്ഥ | സ്ഥര |
| 59 | 12 | നിനാങ്ങി | നിറങ്ങി |
| 65 | 42 | വിയാത്ഥ | ഹയോത്ഥ |
| 69 | 8 | ദ്വിഗാക്കരെ | ദ്വിശാക്കരെ |
| 70 | 13 | ത്തംവിധം | ത്തിട്ടംവിധം |
| 78 | 51 | വാച്ചാ | വാച്ചോരാ |
| ,, | ,, | രിക്ക | രിസ്ക |
| ,, | ,, | ളുള്ളി | ളുള്ളി |
| 79 | 4 | നമാരു | രെരു |
| 84 | 30 | പൊയ്യാര | പോയ്യാര |
| 89 | 51 | ശശരാട് | ശരോട് |
| 90 | 2 | ഖിങ്ങ | നിങ്ങ |
| 100 | 61 | മരിച്ച സുരമൌലി | മരിച്ച *f* സുരമൌലി |
| ,, | 55 | ജിഷ്ണ | ജിഷ്ണു |

## പാഠാന്തരം.

സർഗ്ഗം 11 ശ്ലോകം 2 പാദം 4. ഗോത്രാളൂട്ടുതങ്കസ്വസുതാങ്കമാരണ്

# കുമാരസംഭവം

## (രണ്ടാം ഭാഗം)

### ഒമ്പതാം സൎഗ്ഗം.

സ്മരാത്ഭുതക്രീഡകളീവിധം ചെ-
യ്യോരാ പ്രിയാമുഗ്ദ്ധമുഖാബ്ജഭൃംഗം
പുരാരി പാൎത്താ,നഥ ചാരു മാട-
പ്പിറാവിനെത്തന്നുടെ കേളിമച്ചിൽ, 1

സ്ഫുടം സ്വകാന്താമണിതത്തൊടൊച്ച-
യിടഞ്ഞു ചോപ്പേറിയ കണ്ണുരുട്ടി,
വിടൎന്നു താന്നാശു കഴുത്തുയൎന്ന-
ങ്ങിടയ്ക്കിടെപ്പുച്ഛമൊതുക്കുവോനെ, 2

തടസ്ഥമെന്ന്യേ ചിറകും മദത്താൽ
വിടൎത്തി വട്ടത്തിലതാതുദിക്കിൽ
ചിടപ്പെട്ടും കാലടിയൊത്തു തിങ്ക-
ളിടഞ്ഞ മെയ്യാൎന്നു പറക്കുവോനെ. 3

രതിസ്മരന്മാരമൃതക്കയത്തിൽ-
പ്പതിച്ചു പൊങ്ങും പതയെന്നപോലെ
അതിൻെറ മെയ് കണ്ടൊരു തെല്ലുനേരം
മതിപ്രമോദം മതിമൌലി തേടീ. 4

സ്വയം വിശേഷാകൃതികൊണ്ടു മായാ-
മയപ്പിറാവഗ്നിയിതെന്നു കണ്ടു
ഭയംവരുംമാ,റഖിലാശയസ്ഥൻ
കയൎത്തു പാരം പുരികം ചുളിച്ചു. 5

മറച്ച മെയ് കാട്ടിയടുത്തു കൂപ്പും
കരം ചലിക്കുംപടി പേടി തേടി
ഉരച്ചിതപ്പോഴനലൻ പരം മെയ്
വിറച്ചു കാമാരിയോടിപ്രകാരം:— 6

“ഒരാൾ ഭവാൻതാൻ ജഗദീശനൂനം
വരാതെ വിണ്ണോൎക്കു വിപത്തൊഴിപ്പോൻ
സുരാധിപൻതൊട്ടവ,രാകയാലി-
ങ്ങരാതി തോല്പിച്ചവർ കാത്തു നില്പൂ. 7

പുരപ്രിയാപ്രേമവശൻ കളിച്ച-
ങ്ങൃതുക്കളാറിങ്ങൊളിവിൽക്കഴിക്കേ
ഒതുക്കവെയ്യാത്തഴലാൎന്നു മാഴ്കു-
ന്നിതുമ്പർകോൻ സൎവ്വനിലിമ്പരോടും. 8

പരം സുരന്മാർ തിരുമുമ്പിലെത്താൻ
തരംകൊതി,ച്ചർത്ഥന ചെയ്കയാൽ ഞാൻ
തിരഞ്ഞണഞ്ഞേനിവിടെയ്ക്കു ചേരു-
ന്നൊരപ്പിറാവിൻ പുതുമെയ്യുമായി. 9

പൊറുക്കുകിന്നീസ്ഥിതിയൊക്കെ നേർക്കുൾ-
ക്കുരുന്നിലോർത്തേൻ പിഴ തമ്പുരാനേ!
മറുത്ത മാററാരൊട്ടു തോററു പോന്നോർ
പൊറുക്കുമോ താമസമിസ്സുരന്മാർ. 10

ഉടൻ ജനിപ്പിക്കുകൊരുണ്ണിയെത്തൽ-
പ്പടയ്ക്കവൻ നായകനായ് സ്സുരേന്ദ്രൻ
അടക്കി വിൺനാട്ടു വിഭോ! ത്രിലോക-
മടച്ചു കാക്കട്ടെ ഭവൽപ്രസാദാൽ.” 11

നിഃസർഗ്ഗമാധുര്യമൊടേവമർത്ഥ-
ലസത്തരാഭ്യർത്ഥന കേട്ടൊരീശൻ
പ്രസന്നനായ്; വാഗ്മികൾ നേർക്കു ചെയ്യും
പ്രസംഗമേകും പ്രഭുവിന്നു മോദം. 12

കരൾക്കുരുന്നിൽത്തെളിവാർന്നു മാര-
ഹരൻ ജഗത്തിൽജ്ജയശീലനായി
സുരർക്കു സേനാപതി താരകാരി
പിറക്കുമബ്ഭാവിചരിത്രമോർത്തു. 13

രതാന്തരേതസ്സു യുഗാന്തദീപ്ത-
ഹുതാശനെപ്പോ,ലവിഷഹ്യമായി
അതന്ദ്രമാരക്കളി നില്ലെ വീണു-
ള്ളതന്നു ചേർത്തു. വശി വഹ്നിതന്നിൽ 14

ചുടുന്ന നിശ്വാസമരുത്തിനാൽ ശ്രീ-
കെടുന്ന കണ്ണാടി കണക്കെയപ്പോൾ
പൊടുന്നനെശ്ശങ്കരവീര്യമുള്ളിൽ
പ്പെടുന്നൊരാ വഹ്നി വിവർണ്ണനായി. 15

"കൊടുംക്രിയയ്ക്കുന്നിടു,മെന്തുമേ തി-
ന്നിടും പുകഞ്ഞുള്ളൊരു കുഷ്ഠിയായ് നീ"
കെടും രതാനന്ദമതോർത്തു കോപാൽ
കൊടുത്തു വഹ്നിക്കുമ ശാപമേവം. 16

ഹിമാർത്തനീർത്താർപ്പടി, ദക്ഷശാപാൽ
ക്രമാൽ ക്ഷയിക്കും ശശിപോലെ, വഹ്നി
ഉമാവരൻ ചേർത്തൊരു വീര്യമേററ-
ന്നമായ വൈരൂപ്യമിയന്നു പോയാൻ. 17

പരം രുഷാ മട്ടുപകന്നൊരാത്തൽ-
സ്മരത്രപാഃസ്മരനതാസ്യയാളിൽ
ഹരൻ വരുത്തി തെളിവിഷ്ടമാംമാ-
ററരച്ച ശൃംഗാരരസാർദ്രവാക്കാൽ. 18

പ്രിയാനനാന്തങ്കമൃഗാങ്കബിംബേ
വിയർപ്പിനാലാർന്ന ദൃഗഞ്ജനാങ്കം
സ്വയം ശിവൻ തോളണിലോലവേഷ്ടി-
യുയർത്തി മെല്ലന്നു തുടച്ചുമാച്ചു. 19

വിരൽക്കു വേർപ്പാററഴകാർന്ന കയ്യാൽ
ഹരൻ വിയർപ്പാ വദനാംബുജത്തിൽ
തരത്തിൽ നിക്കി വ്യജനത്തിനാലേ
പരം പതുക്കെക്കളിയായി വീശി. 20

രതിശ്രമാലുലററമ്മലഞ്ഞ തോളിൽ-
പ്പതിച്ചു പുഷ്പങ്ങൾ കൊഴിഞ്ഞ കേശം
മതിപ്രിയാൽക്കല്പകമാലയാലേ
മതിപ്രമുഗ്ദ്ധാമലമൌലി കെട്ടി. 21

വരച്ചു കസ്തൂരികയാലെ പത്രം
സ്ഫുരൽക്കവിൾത്തട്ടിലവൾക്കു ദേവൻ,
പരം ജഗന്മോഹനമായ സിദ്ധ-
സ്മരന്റെ മന്ത്രാക്ഷരപംക്തിപോലേ. 22

ഉമാമുഖത്തേരിനു ചേർത്തു കാതി-
ലമായമകുണ്ഡലചക്രയുഗ്മം
ക്രമാൽജ്ജഗത്താസകലം ജയിപ്പാൻ
സുമാസ്ത്രനേറവന്നതതിങ്കലല്ലോ. 23

അലങ്കരിപ്പിച്ചു മുലക്കുമേൽച്ചേ-
ൎന്നലഞ്ഞു മുക്താഫലമാല മിന്നി,
അലം വിയദ്വാഹിനി രണ്ടു പൊന്നും-
മലക്കുമേൽ വീണൊഴുകുംപ്രകാരം. 24

കളന്നഖപ്പാടണിയുംനിതംബേ
വിളങ്ങിടും മേഖല മാരവൈരി
പുളച്ചു മണ്ടും സ്വമനോമൃഗത്തെ
തളച്ചു കാമക്കയർപോലെ കെട്ടി. 25

മിഴിക്കടുത്തി[illegible]ലലിച്ചു, മുഗ്ദ്ധ
മിഴിക്കു നേരേ മഷിചേൎത്തുമേശൻ
മുഴുത്ത രോമാഞ്ചമെഴുന്ന നില-
ക്കഴുത്തിലാ[illegible]വിരൽതാൻ തുടച്ചു. 26

അലക്തകച്ചാറലരൊത്ത പാദ-
തലത്തിൽനന്നായണിയിച്ചുപിന്നെ
നലത്തൊടും മൌലിയിലുള്ള ഗംഗാ-
ജലത്തിനാൽക്കൈക്കഴുകി പിനാകി. 27

വിളിപ്പെട്ടും നിറഞ്ഞിമെയ്യിലീശൻ
കളിച്ചു കണ്ണാടി തുടച്ചു കാട്ടി
തെളിഞ്ഞു താനന്നണിയിച്ചു വാച്ചു-
ള്ളൊളിപ്പകിട്ടാദ്രയിതക്കു കാണ്മാൻ. 28

പ്രിയൻ കൊടുത്താ മണിദർപ്പണത്തിൽ
സ്വയം ഹ്രിയാ പാർത്തു രതവ്രണത്തെ
ഉയർന്ന രോമാഞ്ചമിതെന്ന കള്ള-
മിയന്നു രാഗം വെളിവാക്കി ഗൌരി. 29

ചിരിച്ച കണ്ണാടിയിൽ, വല്ലഭൻ വി-
സ്ഫുരിച്ചണിഞ്ഞുള്ളഴകന്നു നോക്കേ
ധരിച്ച താൻ സാദ്ധ്വികൾമാലയെന്ന-
ങ്കുരിച്ച വൈലക്ഷ്യമകന്ന ദേവി. 30

ജയാഖ്യയാളും വിജയാഖ്യയും കൂ-
റിയന്ന രണ്ടാളികളത്തരത്തിൽ
പ്രിയാങ്കമേറുന്നവളിൽ ശുഭാലം-
ക്രിയാപടുത്വത്തെയെടുത്തു കാട്ടി. 31

പുറത്തുതിർത്തു ശുഭഗാനമായ-
ന്നുറക്കെ വൈതാളികർ സച്ചരിത്രം
ദരസ്വനം ചേർന്നഥ പാടി, മോദം
ഹരന്നു ചേർപ്പാൻ സുരഗായകന്മാർ. 32

അണഞ്ഞു കാണ്മാൻ കൊതിപൂണ്ടു ദേവ-
ഗണങ്ങൾ പാർക്കും കഥയങ്ങു പിന്നെ
വണങ്ങി വാതുക്കലണഞ്ഞു കൂപ്പി-
യുണർത്തിനാൻ കാലമറിഞ്ഞു നന്ദി. 33

മഹേശ്വരൻ മാനസഹംസിയാകും
മഹേശിതൻ കയ്യു പിടിച്ചു മന്ദം
സഹേലമക്കേളിഗൃഹം വെടിഞ്ഞു
മഹേന്ദ്രമുഖ്യാമരരോടണഞ്ഞു. 34

ശിരസ്സുണിക്കൂപ്പുകരങ്ങളോട-
സ്സുരവ്രജം ശൂലിയെയാനമിച്ചു
ധരപ്രമാണിക്കു പിറന്ന കുഞ്ഞാ-
യൊരത്രിലോകീജനനായിത്രിദേയം. 35

ശരിക്കുമാനിച്ചു സുരവ്രജത്തെ-
ത്തിരിച്ചയച്ചു, ദ്രികുമാരിയോടും
പുരാരി കൈ നന്ദി പിടിച്ചു കാള-
പ്പുറത്തു കേറീട്ടഥ യാത്രയായീ. 36

വിയത്തിലക്കാള മനോതിവേഗ-
മിയന്നുപോകും വഴിയിൽക്കളിപ്പാൻ
സ്വയം വിമാനത്തിലണഞ്ഞ വാനോർ-
ചയം ഗിരീശാംഘ്രികൾ കണ്ടു കൂപ്പി. 37

പരം വിയദ്ഗംഗയിൽ നീന്തി നല്ലാർ-
നിരക്കു മാരാഹവമാലൊഴിപ്പോൻ
സുരദ്രുമപ്പൂമണമാൎന്ന കാററാ-
ധരാത്മജാശങ്കരരെബ്ഭജിച്ചു. 38

അണഞ്ഞു തന്നിൽപ്പടി, വെള്ളിമാടി-
ലിണങ്ങുഃവാരത്തുതഭോഗിഭോഗൻ
ക്ഷണം ധൃതാദ്ധേന്ദുവിഭൂതിധാരി
ഗുണാഢ്യനീശൻ കലിതാംബരാംശൻ. 39

പതിഞ്ഞ തൻഛായ പളുങ്കുഭിത്തി-
യതിൽസ്സപത്നീഭ്രമമാൎന്നു കാണ്കെ
അതിൽപ്പെട്ടും സിദ്ധവധുക്കൾ, കാക്കൽ-
പ്പതിക്കിലും വല്ലഭരോടിടഞ്ഞു. 40

സ്ഫുരൽപ്രകാശം സ്ഫടികത്തിൽ മങ്ങും
ശരന്മൃഗാങ്കപ്രതിമസ്ഥിതിങ്കൽ
പരം കളങ്കം ഭവപത്നി ചിന്നി
പ്പരന്ന കസ്തൂരികപോലെ മിന്നീ. 41

അതിൽപ്പളുങ്കുഞ്ചുമരിൽത്തെളിഞ്ഞു
പതിഞ്ഞ തൻഛായകൾ പാൎത്തിഭേന്ദ്രർ
എതിർഗജപ്രഭ്രാന്തിയൊട്ടും പെരുംകൊ-
മ്പതിന്നു കുത്തിട്ടഴൽ ചേൎപ്പു കോപാൽ. 42

ഇതിങ്കലെസ്ഫാടികവീട്ടുതോറും
പതിഞ്ഞ താരപ്രഭ കണ്ടു രാവിൽ
രതിശ്രമാൽ മുത്തണിമാല പൊട്ടി-
യതിന്നതായ് സിദ്ധവധുക്കളോൎപ്പൂ. 43

സുരാംഗനാമണ്ഡനദർപ്പണത്തിൻ
വരാഭ വീശുന്ന സുധാംശു നിത്യം
ശിരസ്സു ചേൎന്നങ്ങു ശിവാലയാദ്രി-
ശ്വരന്നു ചൂഡാമണിയായ്ഭവിപ്പൂ. 44

സ്മരാൎത്ത,രേകാകികളായ്ക്കളിപ്പാൻ
സ്വരാമമാരോടിടകൂടി വാനോർ
ഹരാദ്രി ചേൎന്നോർ പ്രതിബിംബമൂല-
മൊരാളതിങ്കൽപ്പലർപോലെയായി. 45

കരങ്ങൾ ചേരുംപടി തിങ്കൾമൌലി
ഹരൻ സദാരം സ്ഫടികാദ്രിശൃംഗേ
ചിരം കളിച്ചാ,നൊഴിയാത ചേതോ-
ഹരസ്മരാത്യത്ഭുതചേഷ്ടയോടേ. 46

വഴിഞ്ഞെഴും വിഭ്രമശോഭ നിളെ-
ല്പൊഴിഞ്ഞു, കാമാരി കരംപിടിച്ചോൾ
വഴിക്കു മുൻഃചെന്നൊരു നന്ദി കാട്ടും
വഴിക്കു ഭംഗ്യാ നടകൊണ്ടു ഗൌരി. 47

ഉലച്ചു മെയ്, ചൂഡ ചലിച്ചു പൊക്കം
കലൎന്നു തീക്ഷ്ണാനനമാൎന്നു ഭൃംഗി
അലം ശിവാജ്ഞപ്പടി നൃത്തമാടീ
നിലച്ചിടാപ്രീതി ശിവന്നു ചേൎപ്പാൻ. 48

ഹരാജ്ഞ കയ്യോണ്ടു, കഴുത്തുചേത്തു-
ള്ളൊരാ കപാലായതമാലയാടി
ധരാത്മജയ്ക്കുൾത്തെളിവിന്നു ദംഷ്ട്രാ-
കരാളയാം കാളി കളിച്ചു പിന്നെ. 49

ഭയങ്കരന്മാരവർ ഭീമനാദ-
മുയർത്തവേ ബാല ഭയാർത്തയായി
സ്വയം ബലാൽച്ചെന്നു തദാ സരാഗം
പ്രിയന്റെ പൂമെയ് മുറുകെപ്പുണർന്നു. 50

പൊട്ടുന്നതെപ്പോൾമുലകൾക്കു പീഡ-
പെട്ടുംവിധം സംഭ്രമമാർന്നു ഗൌരി
അടുത്തു പുൽകെ സ്മരവൈരി കാമം
കടുത്തു രോമാഞ്ചമൊട്ടും മദിച്ചു. 51

ഗിരിജയുടെ വിലാസലീലയിമാ-
തിരി പലതും പരിതോഷമേറമീശൻ
അരിയ നിജഗണങ്ങളൊത്തു വാണാൻ
ഗിരിവരനിത്യസുഖം സുധാംശുചൂഡൻ. 52

ഒമ്പതാം സർഗ്ഗം കഴിഞ്ഞു.

# പത്താം സൎഗ്ഗം.

പുരവിനാശനദുസ്സഹവീൎയ്യമ-
ത്തരമെടുത്തു വലഞ്ഞു ഹുതാശനൻ
വിരവിലെത്തി നിലിമ്പസഭാസ്ഥലേ
സുരവരാൎവരാജിതമണ്ഡപേ. 1

തടവുമാദരവാൻ സുരേന്ദ്രനി-
യടവിലഗ്നി പുകഞ്ഞു വിരൂപനായ്
സ്ഫുടമടുകെയണച്ചിതവന്നെഴു-
നുടലൊടാടലൊടായിരമക്ഷിയും. 2

പെരിയമാൽ പെടുമദ്ദഹനന്റെ മാ-
തിരിയതുള്ളലയുംപടി പാൎക്കവേ
ഹരിയതിൻവഴി മന്മഥവൈരിത-
ന്നരിശമാരിശമായ്ക്കരുതി ചിരം. 3

പ്രസഭമാടൽപെടും സുരർ കണ്ണുനീർ-
പ്രസരമോടുമിടക്കിടെ നോക്കവേ
സപസഖിശക്രനുരച്ചു കരേറി സ-
വ്യസനമാസനമാശു ഹുതാശനൻ. 4

തവ വിപത്തു വരാൻ വഴിയെന്തു ചൊ-
ല്ലിവനൊടെന്നുടനിന്ദ്രനുരക്കവേ
അവനൊടോതി തദാ നെടുവീൎപ്പൊടും
വിവരമാ വരമാരുതബാന്ധവൻ: 5

"അനഘ! നിന്നനതിക്രമണീയശാ-
സനവുമേററു കപോതനിലക്ഷ്യ ഞാൻ
പുനരണഞ്ഞു ഹരൻ കളിയാടി മേ-
വിന വനം നവനന്ദനസന്നിഭം. 6

ഗിരിസുതാരതനാം മദനാരിത-
ന്നരികിലെത്തി യമൻെറ കണക്കു ഞാൻ
പെരിയ മെയ് വിറവിട്ടൊഴിയാത്ത മാ-
തിരി പുരാരിപുരാന്തരഭൂമിയിൽ. 7

തദനുവൽച്ചതി ഭക്തമഹാസുഖ-
പ്രദനറിഞ്ഞു കയർത്തിവനെ ക്ഷണം
അദയമഗ്നിമിഴിക്കിരയാക്കുവാൻ
മദനസൂദനസൂരി നിനച്ചതേ. 8

ശ്രവണസൌഖ്യദസാർത്ഥവചസ്സിനാ-
ലിവനുടൻ സ്തുതിചെയ്തു വണങ്ങവേ
ശിവനു മോദമുദിച്ചു ഹൃദന്തരേ;
സ്തവനമേവനമേയരസം തരാ? 9

യമവിമാഥിമിഴിക്കനലിൽച്ചുടാ-
തമലനാമഖിലാശ്രയനീശ്വരൻ
മമ ഭയം കെട്ടുമാറുടനാന്നുതേ
ശമമവൻ മമ വൻഭവികത്തിനാൽ. 10

ഗിരിസുതാപരിരംഭരസം പരം
പരിഹരിച്ചഥ ലജ്ജയൊടീശ്വരൻ
അരിയമാരനയച്ചലരമ്പുതൻ
പെരിയ മാരി യമാരി തടുത്തുതേ. 11

ഭവ,നമോഘസുദുസ്സഹവീര്യമി-
ബ്ഭുവനദാഹകമക്ഷി നില്ക്കവേ
ജവമൊടങ്ങു പതിച്ചതു തന്നിതീ-
യിവനിതാ വനിതാർദ്ധകളേബരൻ. 12

പെരിയ ചൂട്ട കെടാപ്പടി കൂട്ടമി-
യ്യെരികനൽക്കട്ടവീഴ്മെട്ടുകയാൽ
കരിവു മെയ്, പണി പേവവതിന്നിതി-
ദ്ദുരിതമാരിതമാംപടി പോകുവാൻ? 13

വിടുക മന്ദത വാസവ! രൌദ്രമാം
കടുമഹസ്സിലെരിഞ്ഞുഴലുന്നു ഞാൻ
പടുമതേ! മമ ജീവനരക്ഷ ചെ-
യ്തിടുക നേടുക നേക്കുരുകീർത്തി നീ." 14

അനലവാക്കിതു കേട്ടൊരു വൃത്രസൂ-
ദന,നവന്നെഴുമല്ലലൊഴിക്കുവാൻ
അനഘനൊത്തൊരുപായമതോർത്തുതേ
മനസിതാനസിതാഭസഹോദരൻ. 15

അതുലശൎവ്വമഹസ്സിലെരിഞ്ഞതാമെ-
യ്യതു തലോടി വലാസുരസൂദനൻ
ഇതുവിധം കനിവാൎന്നരുളീടിനാൻ
ചതുര,നാതുരനാം ശിഖിയോടുടൻ:— 16

"നവഹവിസ്സു വിധിപ്പടിയേറെഴും
തവ കരൾത്തെളിവാൽത്തെളിവൂ ജനം
സുവദനം പിതൃദേവതമാൎക്കു മാ-
നവനുമേവനുമേകനയേ ഭവാൻ. 17

അനുഭവിപ്പു, ഭവാനു ഹവിസ്സു ത-
ന്നനുദിനം ദുരിതംകെടുവോർ, ദിവം:
നനു സദാ വഴി കാശ്യപയോഗിതൻ-
തനുജ! വാനുജവാലണവാൻ ഭവാൻ. 18

വിരവിൽ മന്ത്രവിശുദ്ധഹവിസ്സു തേ
കരകവിഞ്ഞൊരു ഭക്തിയൊടേകുവോർ
സരസമേല്പൂ തപഃഫലമെപ്പൊഴും
വരതപോരതർപോൽ; പ്രഭനീയതിൽ. 19

ഹുതഹവി,സ്സിനനങ്ങുകൊടു,ത്തവൻ-
ഹിതദമാം മുകിലായ്മഴ പെയ്കയാൽ
കൃതമിഹാന്ന,മതിൽജ്ജനവും, പിതാ
സതതമാതതമാമുലകിന്നു നീ. 20

മൃഗസുധാഹനനസേവിത! സർവ്വഭൂ-
തഗ! ജഗത്ത്രയജീവിതമാണു നീ
വിഗതകൽമഷ! ഹേ! സകലത്തിനും
ജഗതി നീ ഗതി നീതിനിധേ! സദാ. 21

സതതമിയ്യുലകിന്നുപകാരകൃ-
ത്തിതരനില്ല ഭവാനൊഴികെദ്ദൃഢം
ഹിതമവൾക്കു വരുത്തുവതങ്ങൊരാൾ
ഹരവഹൻ; തവ ഹന്ത! ശരിക്കെവൻ? 22

അപരനങ്ങൊഴികെസ്സുരകാര്യമും-
കൃപയൊടിങ്ങിനെ ചെയ്വതിന്നില്ലൊരാൾ
ഉപകൃതിവ്രതികൾക്കു ഹുതാശ! ഹേ!
വിപദസൽപദസൽക്കൃതിയും ശുഭം. 23

അരിയദേവി വിയന്നദി ഭക്തിയാൽ
പ്പെരിയ മോദമിയന്നിതു ഞങ്ങളിൽ
ശരിയെ മുങ്ങുകതിൽ,ക്കെട്ടമാശു ചൃ-
ട്ടെരിയ,ലാരിയലാ സുഖമാറതിൽ? 24

സരിദണിത്തിലകത്തിലിറങ്ങി നീ
വരിക വൈകരുതിന്നു ഹുതാശന!
പരിചിൽ വേണ്ടൊരു വേലകൾ ചെയ്യണം
ത്വരിതമാരി,തമാന്തനിലക്കിടും? 25

ഇതരദുർഗ്രഹമീശനൊഴും മഹ-
സ്സിതവനാർന്നിട്ടുമമ്മയമൂർത്തിയാൾ
ഹിതമൊടങ്ങു കൊട്ടുകളിലൊത്രനവും
ബത വരാത വരാപഗ,യേററിടും.” 26

വടിവൊ,ടിന്ദ്രവചസ്സിതുകേ,ട്ടിത-
പ്പടി തദാ വിടവാങ്ങി മരുൽസഖൻ
‘ഝടിതിഃപായണയാം ക്ഷണമിങ്ങു വിൺ-
തടിനിയോടി,നിയോടിടുകെ’ന്നവൻ. 27

വഴികടന്നൊരു പാവകനാൽ ശുഭം
വഴിയുമാ നദി സേവിതയായ് തദാ
ഒഴുകിടും നിജ നീരിലരക്ഷണം
മുഴുകി വാഴുകിൽ വാച്ചഴലാറുമേവാൾ, 28

ഇടവിടാതഘമാററി നരക്കു വാ-
നിടമണഞ്ഞിടുവാനൊരു കോണിയായ്
സ്ഫുടമിഹാശ്രിതമോക്ഷദയായ്ബ്ഭവ-
കടലി,ലാടലിലാഴലൊഴിപ്പവൾ, 29

ശിവജടാപടലത്തിലിരിക്കുമേവാൾ
ജവമൊടേറുമഘങ്ങളൊഴിപ്പവൾ
പ്രവരധർമ്മവിഭൂഷണയായ്സ്സദാ
ഭവര,താവരതാപവുമാറുമേവാൾ, 30

വിവരവാഹപദോദകജാതയാ-
യവ,ളജാസ്സദമാംവഴി പോന്നവൾ
ശിവദമാം നിജ കൈവഴി മൂന്നിനാൽ-
ബ് ഭുവനപാവനപാടവമാന്നവൾ. 31

കരയണഞ്ഞൊരു വഹ്നിയെ,യന്നഴൽ-
ക്കരകരേററിയുടൻ സുഖമേകുവാൻ
കരളലിഞ്ഞു വിളിപ്പതുപോലല-
ക്കര,മുദാരമുദാ നദി പൊക്കിനാൾ. 32

'കലരുമല്ലൽ കളഞ്ഞു സുഖം തരാം
നലമൊ'ടെന്നഥ വഹ്നിയൊടോതിനാൾ
പല മദിച്ച മരാളമുതിൎത്ത നി-
സ്തുലരവാ,ലരവാഭരണപ്രിയ. 33

പതിവിലേറെയുടൻ തടമേറിയ-
സ്സ്രുതി വലഞ്ഞണയും ശിഖിയെത്തദാ
അതിരകന്നെഴുമൾത്തെളിവാൻപോ-
ലതിരയാൽ,ത്തിരയാലെതിരേററതേ. 34

അകമെരിപ്പൊരു ചൂടിൽ വലഞ്ഞ പാ-
വകനടുത്തുടനാററിൽ മുങ്ങിനാൻ
മികവെഴുന്നിടരേല്ക്കുകിൽ വെമ്പുമേ
സകലരും കലരുന്നഴലാററുവാൻ. 35

ദുരിതവും ശ്രമവും ഭവഭീതിയും
ത്വരിതമാററിട്ടമശ്രുഭവാരിയിൽ
ശരിയെ മുങ്ങുകയാലുടനാന്റു, ച്യു-
ട്ടെരിയൽമാറി,യമായസുഖം ശിഖി. 36

ഉദിതമോദമുടൻ ബത ചേൎത്തുതേ
ഹൃദിപെട്ടും ഹരവീൎയ്യമതാശ്ശിഖി
മുദിതയായ്ത്തിരമാല വളൎന്നൊരാ
നദിയി,ലാദിയിലാടൽതടിച്ചവൻ. 37

സുരസരിത്തിതുമാതിരി സാദരം
ഹരമഹസ്സതു തന്നൊട്ട വാങ്ങവേ
പരമെഴുന്നഴലററ ഹുതാശനൻ
സരസമാ രസമാശു വെടിഞ്ഞുതേ. 38

സിതസുധാരസതുല്യജലത്തിൽ മെ-
യ്യിതമെഴുംപടി മുക്കിയ പാവകൻ
ചിതമൊടന്നഥ വന്നവഴിക്കു സ-
ഞ്ചിതരസാൽ തരസാ നടകൊണ്ടുതേ. 39

അപരദുൎവ്വഹശൎവ്വമഹസ്സതാം-
ക്കൃപയൊടഗ്നിയിൽനിന്നമരാപഗ
സപദി തന്നിലണച്ചതിനാ,ലുപ-
ൎയ്യുപരിതാൻ പരിതാപമിയന്നുതേ. 40

പ്രളയവഹ്നിശിഖാഭമഹസ്സതേ-
റ്റിളകിടും ചുടുവാരി വെടിഞ്ഞുടൻ
വെളിയിൽ വന്നു ഝഷാദികൾ വിട്ടു നീർ-
ക്കുളിയ,താളിയ താപഭരത്തിനാൽ. 41

ഹരമഹസ്സിലെരിഞ്ഞു പരം ഭയ-
ങ്കരനിലക്കു തിളച്ചെഴുമജ്ജലം
കരകവിഞ്ഞൊഴുകുമ്പൊഴുമേററ തൽ-
സ്ഫുരണ,മാരണമാനിതയാമവൾ. 42

പതിവുപോലഥ മാഘമതിൽക്കുളി-
ച്ചതിനു കൃത്തികമാരുടനാററമേ
അതിലണഞ്ഞു ജഗത്തിനു നേത്രമാം
കതിരവൻ തിരവന്നിഹ നിക്കവേ. 43

"ഫലമിതിൽക്കുളിയ്ക്കിവകൾക്കു വിൺ-
തലസമാഗമ"മെന്നരുളുംവിധം
ജലദമാർഗ്ഗഗമാം പരിശുദ്ധനീ-
രലകളാ,ലകലാത്തഴകാന്നതിൽ, 44

പുകഴുവോരൃഷിവര്യർ കുളിച്ചുടൻ
സ്വകരതാരതിനാൽബ്ബലി നല്കയാൽ
സുകരസാക്ഷതദർഭലസൽസുമ-
പ്രകരമാം കര മാന്യത ചേർപ്പതിൽ, 45

പരചിദാത്മനി പാരമണച്ചിട്ടും
കരളൊടൊത്തിളകാതെ സമാധിയിൽ
വരദൃഢാസനമാർന്നൊരു യോഗതൽ-
പ്പര,രസാരരസാപഹർ പാർപ്പതിൽ, 46

പെരുവിരൽത്തല പാരിലണ,ച്ചഹ-
സ്കരനിലക്ഷികൾ ചേർത്തുടനക്ഷകൾ
ഉരുവിടുന്നൊരു സപ്തമുനീന്ദ്രരാം
വിരുതർ ചാരുത ചാർത്തിയെഴുന്നതിൽ. 47

അവരിയന്നിതമന്ദരസം തദാ
ധവളദിവ്യസരിത്തതു കാണ്കയാൽ;
എവനുമുൾക്കുളിരേകിടുമാലസ-
ന്നവസുധാവസുധാടിപെട്ടും നദി. 48

നലമൊടന്നഥ ചേതസി ചേർത്തുതേ
നിലവിടുന്നൊരു ഭക്തിയൊടൊത്തവർ
അലഘുപുണ്യദയായ്പുരഭിജ്ജടാ-
വലയ,മാലയമാക്കിയ ദേവിയേ. 49

സുവിമലാച്യുതപാദമതിൽപ്പിറ-
ന്നവികലം ജനമോക്ഷദയായ് സദാ
വിവിധപാപമൊഴിപ്പൊരു ദേവിയെ-
സ്സുവിനയം വിനയാററവർ കൂപ്പിനാർ. 50

രസമൊടായവർ വാഴ്ത്തി തദാ ഭവ-
വ്യസനമാറിടുമാറു ദിവാനിശം
പ്രസഭമുൾത്തെളിവേകിടുമക്കൃപാ-
വസതിയാം സതിയാകിയ ഗംഗയേ. 51

വിമലമുക്തിദയായ് വിലസീടുമ-
ക്കമലശോഭി ജലത്തിലണഞ്ഞവർ
ക്രമവഴിക്കു കുളിച്ചു തപോധന-
പ്രമദമാർ മദമാറി വിളങ്ങുവോർ. 52

പരമഭാഗ്യവശാലിഹ കൈവരും
വരസരിത്തതിൽ നേർക്കു കുളിക്കയാൽ
പരമഹോ ചരിതാർത്ഥതയാർന്നിത-
സ്സുരസമാ, രസമാനഗുണാഢ്യമാർ. 53

അമരനിമ്നഗ ചേർന്നു കുളിച്ചൊര-
പ്രമദമാരുടെ പൂന്തനുവിൽത്തദാ
സുമശരാന്തകവീര്യമുടൻ സുരോ-
ത്തമഹിതം മഹിതം ബത ചേർന്നുതേ. 54

മദനസൂദനദുർഭരവീര്യമു-
ന്മദമൊടാളിടുമഗ്നി കണക്കിനെ
തദനഘാംഗമണഞ്ഞുളവാമയ-
പ്രദവിഷാദവിഷാബ്ധിഗർപോലവർ; 55

പകയൊടാളിട്ടമഗ്നിപെട്ടംപടി-
ക്കകമലക്കമാകെയെരിഞ്ഞുടൻ
പുകഴുമപ്പുഴ വിട്ടഥ കൃത്തികാ-
നികരമാക്കരെ മാലൊടു കേറിനാർ. 56

സുരസരിത്തു വെടിഞ്ഞൊരമോഘമാം
ഹരസുദീപ്തമഹസ്സുതണഞ്ഞുതേ
അരിയഗർഭനിലസ്സഥ കൃത്തികോ-
ദരവിലം രവിലക്ഷസമപ്രഭം. 57

പുതിയ ഗർഭമതെന്നറിവേരമ-
സ്സുതികൾ കണ്ടു സുദുർവ്വഹമെന്നുമേ
പതിഭയാൽ ത്രപയാർന്നു കാക്കുവാൻ
കൊതി വരാതിവരാടലിലാണ്ടുതേ. 58

വയറെരിപ്പൊരതന്നഥ സത്രപാ-
ഭയ,മമായ,മമാടവി ചേർത്തുടൻ
സ്വയമണഞ്ഞിതു കൃത്തികമാർ നിജ-
പ്രിയതമായതമാന്യനികേതനാം. 59

താരാനാഥപ്പുതുകലയൊടൊത്തേവമാദ്ദേവിമാർ വി-
ട്ടോരാ വീഥ്യം ക്ഷണമുയരുമക്കായുതശ്രീയുമായി
ആരാലാസ്യം സ്മരഹരഗുരുസ്പർദ്ധയുൾച്ചേർത്തപോല-
ന്നാറാദേയമന്നഴകിൽ മുഴുകും പൈതലായ് ജാതമായി. 60

പത്താം സർഗ്ഗം കഴിഞ്ഞു.

## പതിനൊന്നാം സർഗ്ഗം.

ഒന്നിച്ചുപോയ്വാസവമുഖ്യവാനോർ
വന്ദിച്ചപേക്ഷിച്ചുടലാർന്ന ഗംഗ
നന്ദിച്ചു നല്കി നിജ പോർമുലപ്പാ-
ലന്നിച്ഛപോലാശ്ശിശുവിന്നു വേഗം. 1

മാതൃക്കു മാതൃക്കളവൾതൻ മുലപ്പാൽ
മാത്രം നുകർന്നുന്നതിയായ് വളർന്നു
ചിത്രാംഗനായ് കൃത്തികമാർകൾ പോററ
ഗോത്രാധിരാജാത്മജതൻ കുമാരൻ. 2

വാനാറ തി കൃത്തികമാരിവർക്കു
നാനാവിധം സാമിതമോദബാഷ്പം
താനാണു തദ്ദിവ്യസുതാവകാശി
താനാണിതെന്നായുളവായി വാദം. 3

സ്വൈരം കളിപ്പാൻ ശിവനംബരത്തിൽ
ദാരങ്ങളോടൊത്തു മനോജവത്തിൽ
നേരററ യാനം കയറിക്കടന്ന-
ന്നേരത്തു വന്ദിച്ചവിടങ്ങു ചെന്നു. 4

നേരായ വാത്സല്യവശാൽസ്സുഖാശ്രു-
നീരാടി നിന്നാഗ്ഗിരിജാഹരന്മാർ
ആരാലുടൻ കണ്ടിതു ജാതനായ് നാ-
ളാറാമൊരാറാനനനെത്തദാനീം. 5

ചോദിച്ചു ഭർത്താവൊടു ദേവി:- "ബാല-
ന്നീ ദിവ്യനേ,താരിവനായ്ക്കനച്ഛൻ
മോദിക്കുമിക്കുഞ്ഞിനു, ധന്യമാരി-
ലാദിക്കു നില്ക്കും ജനയിത്രിയേതോ? 6

വാനാറു തീ കൃത്തികയാറുപേരും
താനാണു കുട്ടിക്കവകാശിയെന്നായ്
നാനാപ്രകാരം ബത തമ്മിൽ വാദി-
പ്പാനായിടാനീ വഴിയെന്തു ശംഭോ! 7

മുപ്പാരണിപ്പൊട്ടിവ,നാകു പുത്ര-
നിപ്പാടു വാദിപ്പതിലുള്ളൊരാൾക്കോ
ദർപ്പാഢ്യദേവാസുരയക്ഷസിദ്ധ-
സർപ്പാശരപ്രൗഢരിൽ മറ്റൊരാൾക്കോ?" 8

നില്ക്കാതെതാരുൽക്കണ്ഠയൊടേവമോതും
തല്ക്കാന്തതന്നോടു മൃദുസ്മിതാർദ്രം
അക്കാലമോതി പുരുമോദസൌഖ്യ-
മുൾക്കാമ്പിലേകും മൊഴി ചന്ദ്രചൂഡൻ:— 9

"ഓതാം ജഗന്നന്ദനനുണ്ണി വീര-
മാതാക്കളൊക്കെച്ചൂടും തവനന്ദനൻ താൻ
ഏതാദൃശൻ ദേവസുഖം കൊടുപ്പാൻ
നീതാനൊഴി,ഞ്ഞേതവളിൽപ്പിറക്കും? 10

ജായേ! ജഗന്മംഗളഗാനമൂല-
മായേവമുള്ളത്ഭുതസൃഷ്ടിയിങ്കൽ
നീയേ നിദാനം; നിറമാന്ന രത്നം
തോയേശരത്നാകരമാത്രജന്യം. 11

മീനാക്ഷി! കേൾക്കുക കഥ, ത്രിയവഹ്നികൾ
ഞാനാവഹിച്ചു ചേർത്താരമോഘവീര്യം
വാനാററിലിട്ടിട്ടതു തത്ര നിരാ-
ടാനായ്പ്പരം കൃത്തികമാരിലെത്തി. 12

ഉണ്ടായ ഗർഭം സതിമാർ കളഞ്ഞു
കൊണ്ടാരമക്കാട്ടിലതിൻെറ ശേഷം
കൊണ്ടാട്ടമാറങ്ങളവായ്, ജഗത്തിൽ
പണ്ടൊന്നിടാത്തുത്സവമിക്കുമാരൻ. 13

കണ്ടാലകം കക്കുമിവൻ നിമിത്ത-
മുണ്ടായിതേ സത്തമപുത്രിണിത്വം
വേണ്ടാ വിളംബം മടിയിൽക്കരേററി-
ക്കൊണ്ടാലുമീ നിന്മകനെശ്ശിവേ! നീ." 14

ശീതാംശുചൂഡാക്തികളേവമദ്രി-
വ്രാതാധിരാജാത്മജ കേട്ടു പിന്നെ
ജാതാതിമോദാലുടൽ ചീർത്തു ലോക-
മാതാവു ശംഭുപ്രിയ വെമ്പലോടേ, 15

മാനത്തു വാനോർ തൊഴുകൈ കിരീട-
സ്ഥാനത്തിലായ് വെച്ചു നമസ്കരിക്കേ
യാനത്തെ വിട്ടുണ്ണിയെയാശു കയ്യേറ്റാൾ-
വാനസ്ഥല,ത്തുൾക്കൊതിപൂണ്ടിറങ്ങി. 16

വാനാറു തീ, കൃത്തികമാർകളും തൊട്ടു
നാനാജനത്തിൻ നതി നോക്കിടാതേ
താനത്തനൂജങ്കലണഞ്ഞു; വല്ലാ-
ത്താനന്ദമാർക്കില്ല സുതോത്സവത്താൽ? 17

സ്മിതപ്രദമാമശ്രുവശാൽ മുഹൂർത്തം
പൈതല്ലെഴും മെയ്യവൾ കണ്ടതില്ല
ഹാ! തൻകരത്താലഥ തൊട്ടു പണ്ടി-
ല്ലാതത്തരത്തിൽസ്സുഖമന്നു നേടി. 18

ആനന്ദമാശ്ചര്യമൊടൊത്തു കൂടി
പീനങ്ങളാമശ്രുകണങ്ങളും ചാടി
ആനന്ദനപ്പൂന്തനു തത്ര ദേവി
താനന്നു വാത്സല്യമയന്നു കണ്ടു. 19

ഏണാക്ഷി കൂടാമിഴിയസ്സുതാംഗം
കാണ്മാൻ ശരിക്കായിരമാഗ്രഹിച്ചു
ചേണാർന്ന തന്നുണ്ണിയെയെത്ര നോക്കി
വാണാലുമേ തൃപ്തി വരില്ലൊരാൾക്കും. 20

ആനമ്രദേവാസുരരെപ്പുറത്ത-
ന്നൂനം തലോട്ടും കരതാർകളാലേ
സാനന്ദമേന്തിശ്ശിവ, പൂർണ്ണചന്ദ്ര-
ശ്രീനട്ടതൻ പൈതലെയങ്കമേററി. 21

പ്രേമാൽസ്സുധാഭൻ ജഗദേകവീര-
നാമാസ്സുതൻ തന്നെ നിജാങ്കമേററി
സോമാസ്യയാൾ പുത്രിണിമാരിലൊക്കെ
പ്രാമാണ്യമപ്പുർവ്വതപുത്രി നേടി. 22

ഏകാന്തവാത്സല്യരസത്തിലാണ്ട-
സ്തോകാനുമോദാമൃതു തിങ്ങി നില്ക്കേ
ഏകാത്മജന്മാഭ്യുഷിതാങ്കയായ
ലോകാംബതൻ പോർമുല പാൽ ചുരത്തി. 23

നാനാപ്രപഞ്ചപ്രസുവിൻ മുലപ്പാൽ
താനാസ്വദിച്ചാനഥ കാർത്തികേയൻ
വാനാറമായ് കൃത്തികമാർകൾ ചേർത്തും
പീനാഭിലാഷത്തൊടു നോക്കി നില്ക്കേ. 24

നന്നായ് പ്രമോദാശ്രു പെട്ടും മുഖാബ്ജ-
മൊന്നാൽ മുകന്നാൾ ശശിചൂഡപത്നി
തന്നാത്മജൻ തൻമുഖമാറിലും, ത-
ണ്ടെ[illegible]യ തണ്ടാർകളിലെന്നപോലെ. 25

ഫുല്ലാബ്ജമേന്തീടിന ഗംഗ, കായ്ച്ച
കല്യാണശൈലക്കൊടിയും കണക്കേ
നല്ലാമകൻ ചന്ദ്രമ മിന്നി, നൽച്ച-
ന്ദ്രോല്ലാസി പൂൎവ്വാശകണക്കുമപ്പോൾ. 26

മുക്കണ്ണനമ്പോടു ശരിക്കു നീട്ടും
തൃക്കയ്ത്തലത്താരു പിടിച്ചു ഗൌരി
ഒക്കത്തു തന്നുണ്ണിയെ വെച്ചുകൊണ്ടു
വെക്കത്തിലഭ്രംകഷയാനമേറി. 27

സോമാങ്കമേറ്റി മടിയിൽ പ്രമോദ-
രോമാഞ്ചമോടുണ്ണിയെയങ്ങു പിന്നെ
പ്രേമാലെടുത്താരവർ മാറി മാറി-
യീമാതിരിസ്സ്വാത്മജവത്സലന്മാർ. 28

നേത്രാമൃതപ്പെയ്തലെ നേക്കിട്ടുക്കും
ഗോത്രാധിരാജാത്മജ പുല്കിടുന്നോൻ
സ്തോത്രാർഹനേണാങ്കധരൻ വിമാന-
യാത്രാജവത്താൽ നിലയത്തിലെത്തി. 29

കൈലാസശൈലോന്നതശൃംഗസീമ്നി
ചേലാൎന്ന ഗേഹത്തിലിരുന്നു പിന്നെ
കോലാഹലം പൂണ്ടു മഹം തുടങ്ങാൻ
ഫാലാക്ഷനപ്പാൎഷദരോടു ചൊല്ലി. 30

സ്മിതപ്രമോദം ഗിരിനന്ദനാത്മ-
ജാതന്റെ ജന്മത്തിൽ മഹോത്സവത്തെ
ഖ്യാതങ്ങളാം നന്മകളാർന്ന ശൈവ-
ഭൂതങ്ങൾ കൊണ്ടാടുവതിന്നൊരുങ്ങി. 31

ഏവം പ്രഭാമണ്ഡലമംബരത്തി-
ലേവം വിധം, സ്ഫാടികമേട തോറും
ആ രുദ്രഭൂതങ്ങൾ സുരദ്രുമപ്പൂ
ചേരുന്ന പൊന്തോരണപംക്തി കെട്ടി. 32

നേക്കീമഹം ദിക്പതിമാരൊടെല്ലാ-
ദിക്കിങ്കലും ചെന്നറിയിക്കുവാനോ
ഊക്കിൽത്തദാ മററു ഗണങ്ങൾ ഭേരി-
താക്കിപ്പുറപ്പെട്ട രവം പരന്നൂ? 33

ഗന്ധർവ്വവിദ്യാധരനാരിമാര-
ങ്ങന്തർമ്മുദാ വന്നു മഹോത്സവത്തിൽ
ചന്തം പെടും മംഗളഗീതി, ശൈല-
പ്പെൺതയ്യലിൻ സൽകൃതിയേററു പാടി. 34

സന്മംഗളോപായനപാത്രമേന്തി-
സ്സമ്മാന്യമാതൃക്കളണഞ്ഞു മേന്മേൽ
തന്മൂർദ്ധ്നി ദൂർവ്വാക്ഷതമമ്മപോലി-
ട്ടമ്മാരജിൽപുത്രനെയങ്കമേററി. 35

പീനാരവം വാദ്യരവം മുഴങ്ങെ
വാനാണ്ട നല്ലാർനിര നൃത്തമാടി
ഗാനാമൃതം താളവഴിക്കുതിർത്തു
നാനാരസം മെയ്യുഴകും വളർത്തി. 36

ചേലാംവിധം വീശി മരുത്തു, ധൂമ-
മേലാതെ തീ കത്തി, തെളിഞ്ഞു ദിക്കും
കീലാലമെല്ലാം വിമലീഭവിച്ചു-
പോലാം, മഹത്തിൽത്തെളിവാന്നു വാനും. 37

ഊനപ്പെടാശ്ശംഖൊലി ചേർന്ന ഭേരീ-
ധ്വാനം മുഴങ്ങി നിലയങ്ങൾ തോറും
സൂനങ്ങളും തൂകി വിമാനമേറി
വാനത്തിൽ വാനോർനിര സഞ്ചരിച്ചു. 38

നന്മോടി കൂട്ടം ഗിരിജേശപുത്ര-
ജന്മോത്സവാലിങ്ങിനെ ലോകമെല്ലാം
വന്മോദമാർന്നിതു; താരകൻെറ
സമ്മോഹനശ്രീ വിറപൂണ്ടുപോലും. 39

ഒക്കുന്ന നാനാശിശുലീലകോലു-
മക്കുട്ടി ഗൗരീഹരർതൻ കരത്താർ
ചീക്കുന്ന സന്തോഷമണച്ചു കട്ടാ;
നാക്കുണ്ണിതൻ നൽക്കളി മോദമേകാ? 40

സ്വന്തം മുഖത്താൽഗ്ഗിരിജാഗിരിശ-
രന്തഃപ്രഹർഷത്തൊടു ഗാഢമായി
വന്തഷ്ടമോട്ടും ക്രമമായ് മുകർന്നു
ദന്തം പെടാതന്നസുതാസ്യമാവം. 41

കമ്പം കലർന്നും കലരാതെ കണ്ടും
വമ്പൻ സ്ഖലിച്ചും സ്ഖലനം വെടിഞ്ഞും
ഇമ്പം പിതാക്കൾക്കു വളർത്തി ലീലാ-
സമ്പന്നമാം തൻ നടയാൽ കുമാരൻ. 42

മുററത്തു മണ്ടിപ്പൊടിയാടി ഹേതു
വററപ്പുതുപ്പുഞ്ചിരി തൂകിയുണ്ണി
ഏററം നിരർത്ഥാക്ഷരികളോതിയങ്കം
തെററന്നണഞ്ഞേകിയവർക്കു മോദം. 43

തുംഗാഗ്രവാഹപ്പെരുകൊമ്പുലച്ചു,
മങ്കംബികാകേസരിയെപ്പിടിച്ചും,
ഭൃംഗിക്കിണങ്ങും ശിഖപോയ്പ്പലിച്ചും
പൊങ്ങിച്ചു പുത്രൻ ജനകർക്കു മോദം. 44

ഒന്നഞ്ചു രണ്ടൊമ്പതു പത്തിതിന്നേ-
ഴെന്നങ്ങു തൻ വക്രമണച്ചു മൌഢ്യാൽ,
ചെന്നങ്കമേറിശ്ശിശു ശംഭുകണ്ഠ-
സന്നദ്ധസർപ്പാഗ്രരദങ്ങളെണ്ണി. 45

തത്താതകണ്ഠാന്തകപാലമാല
പാൎത്തായതിൻ വാൎക്കളിലാത്തലീലം
ചേൎത്താൻ കരം പല്ലു പറിച്ചെടുപ്പാൻ
മൂത്താണതെന്നാൎക്കുരുതിക്കുമാരൻ. 46

ഭൂതാധിപൻതൻ മുടി ചേൎന്നഗംഗാ-
ശീതാംബുവിൽച്ചെയ്യു വിഗാഹനത്താൽ
ജാതാതിജാഡ്യം കരതാരു ഫാല-
സ്ഥിതാക്ഷിവഹ്നിക്കരികത്തു കാട്ടി. 47

ചാച്ചാക്കഴുത്തിൽച്ചിട തൂങ്ങിനില്ക്കു-
മച്ഛന്റെ മൌലിച്ചെറുതിങ്കളിന്മേൽ
അച്ഛന്നകൌതൂഹലനായ് മുകൎന്നാൻ
സ്വച്ഛന്ദമബ്ബാലകനന്നേരം. 48

ഇത്ഥം പ്രമോദപ്രദബാലലീലാ-
വൃത്തങ്ങളാലദ്രിസുതാഹരന്മാർ
ഉൾത്തട്ടലയ്ക്കുന്ന രസത്തിലാണ്ടു
നക്തം ദിവം ചെറററിയാതെ വാണാർ. 49

പലവിധവുമീബാലക്രീഡാവിചിത്രവിചേഷ്ടിതം
സുലളിതതരം സാന്ദ്രാനന്ദം മനോഹരമാൎന്നവൻ
വിലസുവൊരുതാരുണ്യം, നാളാറിനാ,ലതിബുദ്ധിയും
നലമൊടതിനാൽ ശസ്ത്രം ശാസ്ത്രൌഘവും വിട്ടു നേടിനാൻ.

പതിനൊന്നാം സൎഗ്ഗം കഴിഞ്ഞു.

# പന്ത്രണ്ടാം സർഗ്ഗം

വലാരി വാനോരൊടുമുഗ്രദൈത്യ
ബലാൽക്കുഴങ്ങിബ്ഭുവനോടുപിന്നെ
വലാഹകത്തോടു വളന്ന മോഹം
കലന്ന വേഴാമ്പൽകണക്കണഞ്ഞു. 1

അരിക്കരുത്തിൽബ്ഭയമാൻതാൻ വി-
ട്ടിരിക്കുമക്കാർവഴിയേ കുഴങ്ങി
ഗിരീശഗൌരീചരണങ്ങളാം ശുദ്ധീ-
കരിച്ചകൈലാസമണഞ്ഞു ശക്രൻ. 2

പുരന്ദരൻ മാതലി നീട്ടിടുന്ന
കരം പിടിച്ചഭ്രരഥാലിറങ്ങി
ഹരൻെറ ഗേഹത്തിലണഞ്ഞു; തൊണ്ട
വരണ്ടവൻ നിരിലതെന്നപോലെ. 3

വിരാജിതസ്ഫാടികമാടിൽ മാററം
വരാതെഴും തൻനിഴൽ കണ്ടുനിളെ
ഒരാളുതാനേ പലരെന്നപോലായ്
ഹരാലയേ ചെന്നു സുരാലയേശൻ. 4

അവണ്ണ്യരത്നപ്രഭചേന്ന ചണ്ഡ
സുവണ്ണദണ്ഡത്തൊടു നന്ദികേശൻ
ദിവാനിശം കാത്തമരുന്ന ചേതോ-
ഭവാരിസൌധപ്പടി പുക്കു ശക്രൻ. 5

അണഞ്ഞദേവേന്ദ്രനെയുംപ്രമോദ-
മിണങ്ങിടുംമട്ടെതിരേററു പിന്നെ
ക്ഷണം സ്വകക്ഷാഹിതഹേമദണ്ഡ–
നണത്തി വൃത്തം ഹരനോടു നന്ദി. 6

ഹരന്റെ ചില്ലികൊടിയാലനുജ്ഞ
പരം ലഭിച്ചാസ്സുരവൃന്ദമോടും
പുരന്ദരൻതന്നെ മുറയ്ക്കു പിന്നെ-
പ്പുരംന്വയിപ്പിച്ചിതു നന്ദികേശൻ. 7

സ്ഫുടംപലേമട്ടൊടു ചണ്ഡിഭൃംഗി
തുടങ്ങിയോർ ചേന്നു ലസൽസ്സദസ്സിൽ
കടന്നു കണ്ണായിരമുള്ളദേവ–
നുടൻ തദാ കണ്ടു പുരാരിതന്നെ. 9

വരാഹിരത്നാഭ പതിഞ്ഞുപൊങ്ങും
വിരാജിതോൽബദ്ധജടാകലാപം
സുരാദ്രിതൻ ഗൈരികകാന്തിയേറ–
ന്നൊരാ മുടിക്കൊത്തു വഹിക്കുവോനേ, 9

സ്സുരന്മടിത്തട്ടണി ഗൌരിതന്നെ–
ശ്ശരന്മുകിൽശ്രീനുരയാൽഹസിപ്പോരും
തരംഗമാലാഞ്ചിതയാസ്സുപട്ടാ–
ന്തരത്തിലാഗ്ഗംഗ വിളങ്ങുവോനേ, 10

ഉലഞ്ഞവാനാററിലനേകമെയ്യാം
നിലയ്ക്കണച്ചും നിഴൽ, മഞ്ഞുപോലെ
ചലൽസിതാംശുക്കളും കലന്നുമിന്ദു
തലയ്ക്കുമേൽച്ചേന്നു തിളങ്ങുവോനെ, 11

സ്ഫുടാക്കചന്ദ്രദ്വിതയേക്ഷണാംശു
ച്ഛടയ്ക്കുമേലായ് നിടിലത്തടത്തിൽ
കടുത്തകാലാനലമന്മഥപ്ലു-
ഷ്ടക്കടുന്തിമിഴിയേന്തുവോനെ, 12

ഉണന്നരത്നപ്രഭ ചുററമേറെ-
ക്കണക്കു കൈവിട്ടു കലന്നു, കാതിൽ,
വണങ്ങുവാൻ കുണ്ഡലകൈതവത്താ-
ടണഞ്ഞ ചന്ദ്രാക്കരെയേന്തുവോനെ, 13

അനർഘ്യശക്രോപലകണ്ഠഭൂഷ
മനന്തെളിഞ്ഞൊന്നുമ ചേത്തപോലെ
അനല്പമായ് നീലഗളത്തിലുണ്ടാം
കനത്ത കാന്തിച്ഛടചാത്തുവോനെ, 14

മൃതാംഗസംസ്കാരചിതാരജസ്സാൽ
സ്സിതാഭനായ്പൻകരികൃത്തിചാത്തി
ധൃതാഭ്രനാം മഞ്ഞണിമാട്ടുതേട്ടു-
മതാന്തസൽക്കാന്തി വഹിക്കുവോനെ, 15

കരാഞ്ചിതബ്രഹ്മകപാലനായി
മുരാന്തകന്നും പരിസേവ്യനായി
നരാസ്ഥി ചാൎത്തിപ്പുരജിവഹൃത്താ-
യൊരാ ത്രിശൂലായുധമേന്തുവോനെ, 16

ശിരസ്സണിച്ചന്ദ്രസുധാപ്തസംജ്ഞം
ചിരന്തനബ്രഹ്മകപാലമാല്യം
സ്വരന്തെളിഞ്ഞോത്തുകൾ വീണ്ടുമോതി
സ്ഫുരൽഗളംതന്നിൽ വിളങ്ങുവോനെ, 17

തളിൎത്തെഴും പൊൻപുതുവല്ലിപോലെ
കളിച്ചു കുന്നിന്മകളങ്കമേറി
തെളിഞ്ഞ തൂമിന്നലണിശ്ശരൽക്കാ-
റൊളിപ്പകിട്ടാൎന്നു വിളങ്ങുവോനെ, 18

സ്മരന്നുമുഗ്രാന്ധകമുഖ്യദൃപ്താ-
സുരക്കുമേ നാശണച്ചചാപം
പരക്കെ പൊക്കാൻ പണിയാം പിനാകം
കരത്തിൽ നിത്യം വിലസീടുവോനെ, 19

നിരന്നപൊന്നുംപദപീഠകാന്തി
പരന്ന മാണിക്യശുഭാസനത്തിൽ
ശരന്നിലാവിൻ നിറമാൎന്ന വെഞ്ചാ-
മരം ഗണം വീശി വിളങ്ങുവോനെ, 20

ശിതാസ്ത്രശസ്ത്രാഭ്യസനം, ഗണം സാ-
ത്ഭുതാദരം നോക്കിട്ടുമാറു ചെയ്യേ
സിതാദ്രിനീരാജിതനാം സുതങ്ക-
ലതാന്തമോദം മിഴിചേക്കുവോനെ. 21

പുലോമജേശൻ ഹരമെയ്യിവണ്ണം
വിലോകനംചെയ്തു പകച്ചുനിന്നു;
അലോകസാമാന്യമഹസ്സിലുള്ളം
തുലോമുലഞ്ഞീട്ടുമെവന്നുമല്ലോ. 22

സ്ഫുരൽസരോജാകരതുല്യനേത്രോൽ-
ക്കരം തുറന്നീശനെ നോക്കിനില്ക്കെ
പരം വിളങ്ങീ പുളകാഢ്യനാമാ-
പ്പുരന്ദരൻ, പൂത്തൊരു മാവുപോലെ. 23

ഗിരീശമെയ്യായിരമക്ഷിയാലെ
നിരീക്ഷണംചെയ്തു കൃതാർത്ഥനിന്ദ്രൻ
ശരീരവൈരൂപ്യമിയന്നു ജീവേ-
ശപാരീരസക്കേടുപെട്ടംപ്രകാരം. 24

സുരാദ്രിസാരം കലഭം കുമാരൻ
ശരാസശസ്ത്രാഞ്ചിതഹസ്തനായി
ഹരാന്തികേ നില്പതു കണ്ടു ശക്ര-
നരാതിനാശാഗ്രഹമാന്നു പിന്നെ. 25

“സുരക്ഷിതീശൻ ശിവ! വന്ദനാവ-
സരത്തെ നോക്കിത്തിരുമുമ്പിൽ നിൽപ്പൂ
ഹര! ത്രിനേത്രാർദ്രവിലോകനത്തെ-
പ്പരം സഹസ്രാക്ഷനി,ലിശ ചേർക്കൂ”. 26

സുവർണ്ണമാം ചൂരലുവെച്ച കക്ഷ-
ത്തിവർണ്ണമാരാൽത്തൊഴുതെത്തി നന്ദി
ഭവപ്രസാദം പരമാഗ്രഹിക്കു-
ന്നവൻ സ്വമാസ്യാഹിതനോടുണർത്തി. 27

അമർത്ത്യലോകേശനെയപ്പൊഴാദ്യം
സമസ്തലോകപ്രണതൻ പുരാരി
ക്രമത്തിൽ നല്ലോരമൃതൊത്ത നോക്കാ-
ലമന്ദമോദത്തൊടനുഗ്രഹിച്ചു. 28

സുരദ്രുമപ്പൂ കൊഴിയുംപ്രകാരം
ശിരസ്സുതാഴ്ത്തി ത്രിദശൈകവന്ദ്യൻ
പരം ജഗദ്ദേവനെയന്നു ദേവൻ
പുരന്ദരൻ താൻ പ്രണമിച്ചു ഭക്ത്യാ. 29

കൃതാദരം മൂവുലകും ഭജിക്കു-
ന്നതാം മഹേശാംഘ്രിയെ വാസവേശൻ
അതാന്തഭക്ത്യാ പരമാനമിച്ചു
കൃതാർത്ഥതയ്ക്കുത്തമപാത്രമായി. 30

കടുത്ത ഭക്ത്യാപദപീഠമോടൊ-
ട്ടടുത്തു ഭൂതപ്രവരക്കു മുമ്പായ്
കൊട്ടുംകനൽക്കണ്ണനെയുമ്പരും പാർ-
ത്തൊട്ടുംശിരസ്സാൽ ക്രമമായ് നമിച്ചു. 31

ഹരാജ്ഞയാലേ ഗണനീതകാന്ത-
സ്വരാസനം കേറിയിരുന്നു നേരെ
സുരാധിനാഥൻ തെളിവാന്നി;താക്കു
വരാ പ്രഭുപ്രീതിയിലുററംപ്രമോദം? 32

സമന്ദഹാസത്തിരുനോക്കിനാലേ
ക്രമപ്പടിക്കീശ്വരനാദരിച്ചാർ
അമന്ദമോദത്തോടിരുന്നു മററ-
ള്ളമത്ത്യരെല്ലാം തിരുമുമ്പിലായി. 33

പരാജയം വൈരിവരുത്തി നിശ്രീ-
കരായിവാട്ടം മുഖമോടുകൂപ്പി
സുരാധിപാദ്യുമ്പരെഴുന്നപോഴേവം
പുരാരിനോക്കിക്കനിവാന്നുരച്ചു:— 34

'പരാക്രമം പാരമിയന്നു വീര-
വരായുധം ചേന്ന സുരക്കു വക്ത്രം
വരാംബുജം മഞ്ഞുപൊഴിഞ്ഞുമങ്ങ-
ന്നൊരാവിധം വാടിയതെന്തു കഷ്ടം? 35

പരം സ്വപുണ്യം പെരുതായിരിക്കെ
സ്സുരക്കു തൻ നാടതുനഷ്ടമായോ
ചിരം വഹിച്ചുള്ളധികാരചിഹ്നം
വരപ്രഭം നിങ്ങൾ വിടാതിരിപ്പിൻ. 36

അമർത്ത്യർ തൻ നാടുവെടിഞ്ഞു മർത്ത്യ
സമത്വമാർന്നിങ്ങിനെ മന്നിടത്തിൽ
സമർത്ഥർ മാനംവളരും മഹാന്മാർ
സമസ്തമെന്തിന്നു നടന്നിടുന്നോ ? 37

സുധർമ്മയുള്ളേട,മതുല്യമാകും
വിധർമ്മനോജ്ഞം ദിവമെന്തുമൂല്യം
സുധർമ്മനിഷ്ഠാമരർ നിങ്ങൾ വിട്ടി-
തധർമ്മവായ്പാൽസ്സുകൃതം കണക്കെ. 38

ബലിഷ്ഠവാനോക്കുമനസ്സിനുള്ള
ചലിച്ചിടാധൈര്യമതെങ്ങുപോയി
വലിപ്പവും കുണ്ടുമെഴും കയത്തിൽ
ജ്വലിച്ചിടും വേനലിൽ നീർ കണക്കെ. 39

വലാരിമുമ്പിട്ടിഹ വന്നൊരത്യാ-
കുലാശയന്മാർ സുരർ നിങ്ങളെല്ലാം
ബലാജ്ജഗജ്ജിത്വരനായ ദൈത്യ-
കുലാഗ്ര്യനാം താരകനോടിടഞ്ഞോ? 40

പടുതപമേവമന്നൊരവന്റെ മുഷ്ക്ക
കെടുത്തിടാൻ ഞാനൊരുവൻ സമത്ഥൻ
കടുത്തു കാടൊക്കെയെരിക്കുമഗ്നി
കെടുത്തുമോ വന്മുകിൽ വിട്ടൊരന്ന്യൻ ?" 41

സ്മരാരിയിമട്ടരുൾചെയ്കെയാശു-
സുരായ ശക്രാദിസുരക്കശേഷം
ചിരാൽ പ്രമോദാശ്രുകണങ്ങൾ ചിന്നും
വരാനനാബ്ജങ്ങൾ പരം തെളിഞ്ഞു. 42

ഹരൻ കനിഞ്ഞിങ്ങിനെ ചൊന്നശേഷ-
മുരച്ചു ലബ്ധാവസരൻ സുരേന്ദ്രൻ:—
"പരം ഫലിക്കുന്നു ദൃഢം സദാവ-
സരത്തെ നോക്കിപ്പറയുന്ന വാക്യം. 43

തമസ്സൊഴിച്ചക്ഷയമായ്ത്തെളിച്ചു-
മമന്ദമായുള്ളറിവാം വിളക്കാൽ
സമം ത്രികാലങ്ങളിലുള്ള കാര്യം
സമസ്തവും നീ സകലജ്ഞ കാൺമൂ. 44

കരക്കരുത്താലമരക്കു പേടി
പരത്തുമാ താരകദൈത്യനാലെ
സുരവ്രജം ശങ്കര! വാനിൽനിന്നു
നിരസ്തമെന്നങ്ങറിയുന്നതില്ലേ ? 45

പിതാമഹാമോഘവരം ലഭിച്ചു
കൃതാൎത്ഥനായ് മുവ്വുലകും ജയിച്ചോൻ
അതാന്തസത്വൻ സുരരേവരേയും
പ്രതാപവായ്പാൽ തൃണമായ് ഗണിപ്പൂ. 46

സ്ഫുടംസ്തുതിച്ചെത്തിയ ഞങ്ങളോടുടം-
ത്തടം തെളിഞ്ഞോതി വിരിഞ്ചി മുന്നം
അടൽക്കടുക്കുന്നവ,നൈശി ദേവ-
പ്പടയ്ക്കധീശൻ മൃതി ചേക്കുമെന്നായ്. 47

സുരവ്രജം പിന്നെയിതേവരത്തോ-
റെറാരല്ലലാം ദുസ്സഹചിത്തശല്യം
പരം പൊറുത്താ പ്രഥിതാസുരാജ്ഞ
ശിരസ്സിനാലേററു കഴിച്ചുകാലം. 48

കനിഞ്ഞു, വേനൽക്കടുചൂടിൽ വാടി-
ക്കുനിഞ്ഞ സസ്യത്തിനു കാർകണക്കെ
എനിക്കു നിന്നുണ്ണിയെ വാനവാനി-
കിനിക്കു വേണ്ടും പതിയായ് തരേണം. 49

ക്ഷണം ജഗൽശ്രീയ്ക്കൊരതുല്യശല്യം
കണക്കെഴും താരകനെസ്സമൂലം
രണത്തിൽ ഞങ്ങൾക്കൊരു മുമ്പനായി-
ട്ടണഞ്ഞുവത്തിട്ടിവനല്ലലാററും. ൫൦

മഹാഹവേ ദൈത്യശിരസ്സമൂഹം
ഗുഹാസ്ത്രമേററാക്കെ മുറിഞ്ഞു ചിന്നി
മഹാസുരസ്ത്രീകൾ ദശാശയും ദു-
സ്സഹാൎത്തിയാൽക്കേണു മുഴക്കിടട്ടെ. 51

ചെറുക്കുമദ്ദൈത്യനെയ്യൂണിനെശി
കുറുക്കന്നങ്ങേകി മുദാ സുരന്മാർ
തുറുകണ്ണിസ്ത്രീനിര തന്റെ കാറിൻ-
കറുപ്പെഴും കുന്തൽ മിനുക്കിടട്ടേ”. 52

പുരന്ദരൻ തൻ മൊഴികേട്ടു ദൈത്യ-
വരന്റെ ദുശ്ചേഷ്ടിതമോൎത്തു രോഷാൽ
സുരവ്രജത്തിൽ കൃപപൂണ്ടു വീണ്ടു-
മുരച്ചു ഭൂതാധിപനാം സ്മരാരി- 53

“ബതാമരന്മാർ മമ വാക്കുകേൾപ്പി-
നിതാദരാലിശ്ശിവനായ ദേവൻ
സുതാഢ്യദരാടൊത്തു ഭവത്സമസ്ത-
ഹിതാൎത്ഥസിദ്ധിയ്ക്കിഹ സജ്ജനല്ലോ. 54

വരിച്ചു ഞാൻ ഗൌരിയെ യോഗിയായി-
ട്ടിരിക്കിലും പണ്ടു,തിനുള്ളമൂലം
ധരിക്ക ഞങ്ങൾക്കെഴുമുണ്ണിപോയ്-
സ്സംഹരിക്കണം വൈരിയെയെന്നതല്ലോ. 55

ശരിക്കു സേനാപതിയായ് പ്രതാപം
സ്ഫുരിക്കുമിസ്കന്ദനെയാക്കി നിങ്ങൾ
അരിക്കുടൻ നാശമണയ്ക്കു, വീണ്ടും
ഭരിക്കുമാകും സുരരൊത്തു ശക്രൻ." 56

എന്നുരച്ചു ഭഗവാൻ രണോത്സവ-
ത്തിന്നു കാത്തമരുമുണ്ണിയോടുടൻ
"ചെന്നു കൊല്ലുകമരാരിതന്നെ"യെ-
ന്നൊന്നു വീണ്ടുമരുൾചെയ്തു ശങ്കരൻ. 57

ശങ്കരാജ്ഞ ശിവസൂനുനിരസ്താ-
ശങ്കമേററിതവനമ്രശിരസ്സാൽ
പങ്കമററ പിതൃഭക്തനു വിതാ-
തങ്കമൊത്ത വരധർമ്മമിതല്ലോ. 58

സുരനതൻ ശിവ,നുണ്ണിയെയാ മഹാ-
സുരരണത്തിനയപ്പതു കേൾക്കയാൽ
കരളുമഷ്ഷു തെളിഞ്ഞിതു വീരസൂ-
നിര രസിച്ചിടുമേ സുതവിക്രമേ. 59

മതിധരസുതൻ പ്രൌഢൻ വീരൻ ജഗൽഭയനാശനൻ
ദിതിജവരദാരങ്ങൾക്കെണ്ണെഴുത്തു മുടക്കുവോൻ
അതിപടു ഗുഹൻതന്നെക്കിട്ടിത്തെളിഞ്ഞു സുരേശ്വരൻ
മതിഹിതമശേഷം കൈവന്നിടിലാരു മദിച്ചിടാ? 60

പന്ത്രണ്ടാം സർഗ്ഗം കഴിഞ്ഞു.

# പതിമൂന്നാം സർഗ്ഗം

ആലോകനീയാഭപെട്ടും പടിച്ചു-
ക്കാഴ്ലാചിതക്കോപ്പണിയും കുമാരൻ
ത്രൈലോക്യനാഥാംഘ്രികൾ മൌലിതാഴ്ത്തി-
ച്ചേലോട്ടുചേരും സുരരൊത്തു കൂപ്പി. 1

"കൊന്നാലു,മിന്ദ്രാരിയെ വാനമിന്ദ്ര-
ന്നെന്നാക്കുക വിഘ്നംപെട്ടുമുണ്ണി"യെന്നായ്
അന്നാശു കൂപ്പും സുതനേകി മൂർദ്ധ്നി-
നന്നായ് മുകന്നീശനനുഗ്രഹത്തെ. 2

മാതാവിനെത്താനഥ കൂപ്പി, വീര-
മാതാവുമാദേവി മകന്നു മോദാൽ
പെയ്യാസ്സുഖാശ്രുപ്ലുതമാരിയാലേ
ചെയ്യാൾ തദാ വീരവരാഭിഷേകം. 3

തന്നങ്കമേററിത്തനയപ്രിയത്വാ-
ലന്നമ്മ മൂർദ്ധാവിൽ മുകന്നു ദേവി
ചൊന്നാൾപുണ"ന്നെന്നെ, വിരോധിയെപ്പോയ്
ക്കൊന്നാശു വീരപ്രസുവാക്കു"കെന്നായ്. 4

ആത്താതമാതാക്കളൊടംഘ്രികൂപ്പി
യാത്താദരം യാത്ര പറഞ്ഞു ബാലൻ
ധൃത്താസുരേന്ദ്രാരി, രസം രണത്തിൽ
ച്ചീത്താശു നാകത്തിനു യാത്രയായി. 5

ചാലേ വലംവെച്ചഗരാജപുത്രീ-
ബാലേന്ദുചൂഡാംഘ്രിയുഗങ്ങൾകൂപ്പി-
കാലേ നടന്നാർ ഹരസൂനുവിൻപി-
ന്നാലേ വലാരിപ്രമുഖാമരന്മാർ. 5

പേരാളിടും കാന്തി ചുഴന്നു ദേവ-
ന്മാരാകെയീമട്ടഥ യാത്രചെയ്കേ
ആരാൽ വിളങ്ങീ പകലും തെളിഞ്ഞ
താരാഗണം തിങ്ങിയപോലെ വാനം. 7

നേരറ്റകാന്ത്യാ സുരർതൻ നടുക്ക-
ന്നേരത്തു നന്നായ് വിലസി കുമാരൻ
താരഗ്രഹർക്ഷങ്ങൾ ചുഴന്ന വാനിൽ
ദ്വൈപരം ത്രിയാമാരമണൻകണക്കേ. 8

മാരാരിഗൌരീസുതനൊത്തു ദേവ-
ന്മാരാശ്ശചീശാദ്യർ തദാ ക്ഷണത്തിൽ
താരാപഥം വിട്ടഥ പൊങ്ങി നേരേ
പാരാതെ ചെന്നാത്രിദിവത്തിലെത്തി. 9

അത്താരകത്രാസവശാൽച്ചിരം ചെ-
ന്നെത്താത്ത വാനത്തിലുടൻ കടപ്പാൻ
ഉൾത്താരിലാശങ്കയൊടൊട്ടു നിന്നാ-
രുത്താപമോടന്നു നിലിമ്പരെല്ലാം. 10

"ആദികളിൽനിയ്യാക,യെന്നിക്കു വയ്യ
ചോദിക്കവേണ്ടങ്ങു കടക്കുമമ്പിൽ"
ആദിക്കണെഞ്ഞപ്പൊഴമത്ത്യർ തമ്മിൽ
വാദിക്കയായി ഭയമാന്നിവണ്ണം. 11

സ്വരാജ്യസന്ദശ്നകൌതുകത്താൽ
സൈ്വരംവിടന്നാ രിപുഭീതിമൂലം
പാരം ചലിയ്ക്കുംമിഴിയാൽഗ്ഗുഹാസ്യ-
ത്താരാസ്സുരന്മാരഴകോടു നോക്കി. 12

ലീലാസ്മിതം ചേൎന്ന രണപ്രവീരൻ
വേലായുധൻ വൈരിവരാൻ കൊതിപ്പോൻ
കാലാരിജൻ മുമ്പിലണഞ്ഞമത്ത്യ-
മാലാവമാറപ്പൊഴിവണ്ണമോതി. 13

"പേടിക്കൊലാ വാനവരേ ഭവാന്മാ-
രോടിക്കരേറീടുക വാനിൽ വേഗം
തേടിജ്ജ്വലൽദ്ദുഷ്ടവിരോധിവന്നെ-
ന്നോടിങ്ങെതൃക്കട്ടെ മഹാസുരേന്ദ്രൻ. 14

ദേവാലയശ്രീകചകഷ്ണം ചെ-
യ്യാവാനവാരിത്തടിയന്റെ രക്തം
ഈവാനിലേ വെച്ചു കളിച്ചു പാനം
ചെയ്യാൻ തുടങ്ങട്ടെ മമാസ്ത്രമിപ്പോൾ. 15

ഈ ശക്തി വമ്പാൎന്ന ഗതിക്കു വിഘ്നം
ലേശം പെടാതത്ഭുതകാന്തിയേന്തി
ശ്രീശക്രനാട്ടിൽത്തെളിയുംവിധം ദൈ-
ത്യേശപ്രണാശാൽ സുരസൌഖ്യമേകും." 16

ദേവാരിയെക്കൊല്ലുവതിന്നു യുദ്ധം
ചെയ്യാൻ കൊതിക്കും ശിവനന്ദനന്റെ
ഈ വാക്കു പൂപ്പുഞ്ചിരിയാൽ മുഖാബ്ജ-
ശ്രീവാച്ചുകൊണ്ടാടി നിലിമ്പരെല്ലാം. 17

മാലാറി മോദാൽപ്പുളകാഢ്യനായി
മേലായിരം കണ്ണു വിടൎന്നു ശക്രൻ
ചേലാൎന്നു ചെയ്യാനിരുപേരുടേയും
ചേലാഞ്ചലത്താൽപ്പരിവൎത്തനത്തെ. 18

മാറാത്ത കണ്ണീർ മഴപോലെ വീഴ-
മാറാത്തഹൎഷാ,ലജ,നാദിവൃദ്ധൻ
കൂറാൎന്നു ചുംബിച്ചു മുഖങ്ങൾ നാലാ-
ലാറാനനൻതന്റെ മുഖങ്ങളെല്ലാം. 19

'നന്നായി നന്നായി ജയിക്ക വീര !'
എന്നാശു ഗന്ധൎവ്വർ സയക്ഷസിദ്ധർ
ഒന്നായി നേരിട്ടു രസാൽപ്പുകഴ്ത്തി-
യന്നാദരാലേകി ഗുഹന്നു മോദം. 20

ദേവർഷിമാർ നാരദമുഖ്യർ പൂർവ്വ-
ദേവപ്രണാശോത്സുകനെപ്പുകഴ്ത്തി
ത്തുവല്ക്കസൌവർണ്ണപടങ്ങൾ മാററി-
ട്ടാവമ്പനെ പ്രീതിയോടാദരിച്ചു. 21

ഒത്തങ്ങു വേലായുധനെ ശ്രയിച്ചു
ചിത്തം കുളിക്കും സുരർ വാനിലേറാൻ
അത്തവ്വുറച്ചാർ, വനമേഘവാൻ വൻ-
മത്തദ്വിപത്തെഗ്ഗജപങ്ക്തിപോലെ. 22

കൊന്നാദിതേയാരിയെ വീഴ്ത്തുവാനോ-
ക്കുന്നാ മൃഡാനിതനയൻെറ പിമ്പേ
ചെന്നാർ സുരന്മാർ, ത്രിപുരം ദഹിപ്പി-
ച്ചന്നാ മൃഡൻതൻെറ ഗണങ്ങൾപോലെ. 23

നീരം സുരസ്ത്രീജലകേളിയിങ്കൽ-
പ്പാരം കുറിക്കൂട്ടു കലങ്ങിയെങ്ങും
ആരക്തമാം സ്വർന്നദിതന്നെയാദ്യം
സ്വൈരം സുരന്മാരവർ ചെന്നണഞ്ഞാർ, 24

ദിക്കുംഭി തുമ്പിക്കരമിട്ടടിച്ചു
പൊക്കുന്ന ഘോരത്തിരമാലയാലേ
ഒക്കും തടം ചേർന്നു സദാ കരക്കു
നില്ക്കുന്ന വൃക്ഷങ്ങൾ നനക്കുവോളെ, 25

ചിന്നും രസാൽ വക്കുകളിൽക്കളിക്കാ-
യുന്നുന്ന പെൺകുട്ടികളുണ്ടു നിളേ
മിന്നും മണിശ്രേണികൾ ചേർത്തു തീർത്ത
പൊന്നും മണൽത്തിട്ടുകൾ ചേരുവോളെ, 26

സൌരഭ്യലുബ്ധാളികൾ ചേർന്ന പൊൻപൂ-
വാരമ്യഹംസക്കളിയിൽക്കലുങ്ങി
പാരം പൊഴിക്കും പൊടി ചേർന്നൊലിക്കും
നീരം സദാ പിംഗളമാകുവോളേ, 27

പാരിച്ച മോദാൽസ്സുരനാരിമാര-
ത്തിരത്തു വന്നങ്ങിനെ നോക്കിനില്ക്കെ
നീരിൽത്തദംഗം നിഴലിച്ചു മുത്തുൾ-
ത്താരിൽജ്ജനങ്ങൾക്കു വളർക്കുവോളേ. 28

നീണാൾ കഴിഞ്ഞംബരഗംഗതന്നെ-
ക്കാണായതിൽക്കൌതുകമാർന്നു ശക്രൻ
ഏണാങ്കചൂഡാത്മജനായ,തന്ന-
ക്ഷീണാദരം മുമ്പിൽ നടന്നു കാട്ടി. 29

അക്കാർത്തികേയപ്രഭു പണ്ടു കാണ്മാ-
നൊക്കാത്ത വാനാറതമർത്ത്യരോടും
ഉൾക്കാമ്പിലാശ്ചര്യമിയന്നു പാർത്തി-
ട്ടക്കാലമുൽഫുല്ലദൃഗബ്ജനായി. 30

പാണിദ്വയം മൌലിയണച്ചു ഭക്തി
കാണിച്ചുമത്ത്യാച്ചിതഗംഗതന്നെ
താണിച്ചുപോലെത്തൊഴുതാദരാൽശ്ശ-
ർവ്വാണിപ്രിയാപത്യമുടൻ നമിച്ചു. 31

എല്ലോരുപത്മങ്ങളുലച്ചു, വാൎമ്മം
കല്ലോലമായ്ചേൎന്നു, കവിൾത്തടത്തിൽ
സ്വല്ലോകമാൎന്നോക്കു വിയപ്പുനിക്കും
നല്ലോരു കാററന്നവനെബ്ഭുജിച്ചു. 32

വേലായുധൻ ചെന്നു വലാരി തന്റെ
ലീലാവനം നന്ദനനാമധേയം
ചേലാൎന്ന വൃക്ഷങ്ങളൊടിഞ്ഞു കണ്ടാൽ
മാലാൎന്നിടുംമാറഥ പാൎത്തു മുന്നിൽ. 33

'ദേവാരിയാലേ വിഗതാഭമായി-
തി വാസവോദ്യാന'മിതിപ്രകോപാൽ
ദിവാസ്സുമാരക്ഷി ചുവത്തി വാമ-
ദേവാത്മജൻ തൻ പുരികം ചുളിച്ചു. 34

ലീലാവനം തിരെ മുടിഞ്ഞു, പോവാൻ
മേലാതെയായ് മുഗ്ദ്ധവിമാനമാൎഗ്ഗം
ചേലാൎന്ന സൌധങ്ങളിടിഞ്ഞു, കണ്ടാൻ
ശ്രീലാളിതസ്വൎന്നഗരം കുമാരൻ. 35

ശ്രീലാസ്യമററല്ലൽ പരാഭിഭൂതി-
യാലാന്നിടുന്നാപ്പുരിയെക്കുമാരൻ
കാലാന്തകാപത്യ,മവീരനാരി-
പോലായ്തദാ കണ്ടലിവാന്നു പാരം. 36

ദേവാരിദുശ്ചേഷ്ടിതമോത്തു യുദ്ധം
ചെയ്വാൻ സരോഷം കരുതും കുമാരൻ
ആവാസവൻതൻ പുരിയിൽസ്സമസ്ത-
ദേവാളിയോടൊത്തു കടന്നു പിന്നെ. 37

ഘോരദ്വിഷൽദ്ദന്തികളാഞ്ഞു കുത്തി-
പ്പ്രാരം പൊളിഞ്ഞാസ്ഫുടികാലയങ്ങൾ
പാരം പെരിമ്പാമ്പുറയാൽ മറഞ്ഞാ-
വീരൻ തദാ കണ്ടു വിഷാദമാർന്നു. 38

ചേലാന്ന പൊന്താരഖിലം പറിച്ചും
കീലാലമാശേഭമദാൽദ്ദുഷിച്ചും
മാലാന്ന പൊന്നന്നഗണം ത്യജിച്ചും
നീലാശ്മനൽക്കല്പട തച്ചുടച്ചും; 39

കൂലാന്തികത്തിൽച്ചെറുപുല്ലു വാച്ചും
ലീലാതടാകങ്ങളരാതിയാലേ
വേലാതിഗാപൽസ്ഥിതിയാന്നു കണ്ടു
വേലായുധൻ സത്രപമല്ലലാർന്നു. 40

തന്നാഗ,മപ്പൊൻചുമർകുത്തി, ലൂത
വന്നാകെ രന്ധ്രം വലകെട്ടി മൂടി
നിന്നാസ്സ്വഃസൌധോത്തമവൈജയന്തം
ചെന്നാശു കാണിച്ചു ഗുഹന്നു ശക്രൻ. 41

മാണിക്യമുഖ്യോപലരശ്മി വിട്ട
കോണിപ്പടിശ്രേണിവഴിക്കു, ശക്രൻ
കാണിച്ച മാൎഗ്ഗേണ കടന്നുഉതേ ശ-
ൎവ്വാണിപ്രസൂതൻ സുരരൊത്തതിങ്കൽ. 42

ദേവദ്രുവന്തോരണപാരിജാത-
പൂവൽഗ്ഗുമാല്യപ്രമദാജനാഢ്യം
ആ വമ്പുരം, സ്വസ്ത്യയനം മുറയ്ക്കു
ദേവൎഷിമാർ ചെയ്യുഴമൈശി ചേർന്നു. 43

ആത്താദരം ദൈത്യസുരാദിവൃദ്ധ-
നാത്താപസന്മാർമണികാശ്യപന്റെ
കാൽത്താർ വലംവെച്ചു ഗുഹൻ കരങ്ങൾ
ഉചത്താശു കൂപ്പിശ്ശിരസാ നമിച്ചു. 44

തൽകാന്തയായിജ്ജഗദേകവന്ദ്യ-
ത്തൃക്കാലെഴും ദേവജനിത്രിതന്നെ
ഉൾക്കാമ്പിലമ്മട്ടതിഭക്തിയോടു-
മക്കാലമെത്തിഗ്ഗുഹനാശു കൂപ്പി. 45

ക്ലേശിച്ചിടാതിയ്യുലകൊക്കെ വെൽവാ-
നാശിച്ചിടും താരകനെജ്ജയിപ്പാൻ
ഐശിക്ക വീൎയ്യം വിളയിച്ചിടും ന-
ല്ലാശിസ്സു നന്ദിച്ചിരുപേരുമേകി. 46

കാണുന്നതിന്നങ്ങദിതിക്കു കീഴിൽ
വാണുള്ളൊരദ്ദേവതമാരടുക്കേ
താണഗ്രജൻ കൂപ്പിയതിൽ,ജ്ജയാൎത്ഥം
വേണുന്നൊരാശിസ്സവരൊക്കെ നൽകി. 47

ആ ലോകപാലേന്ദ്രനു ചേൎന്ന പത്നി
പൌലോമിയാകും ശചിയെത്തദാനീം
ശൈലോത്തമാപത്യസുതൻ നമിച്ചു
ചേലോലുമാശിസ്സവളും കൊടുത്തു. 48

തത്രാദിതിന്ദ്രാബലമാർകളേഴാം
സത്രാശവന്ദ്യോത്തമമാതൃവൃന്ദം
ചിത്രാമലാശിസ്സു കൊടുത്തു, ശംഭു-
പുത്രാൎത്തിക്കൊട്ടിട മുമ്പിലേതാൻ. 49

കുന്നിൻകുമാരീതനയന്നു മോദം
കുന്നിച്ചു, ശക്രാദി നിലിമ്പരെല്ലാം
ഒന്നിച്ചു ചെയ്യാർ പൃതനേശനാക്കി-
യന്നിച്ചുപോലുള്ള വരാഭിഷേകം. 50

സുരരുടെയളവില്ലാസ്സേന വീഴ്മത്തൊടെല്ലാം
ഹരതനയനിവണ്ണം ഘന്ത! കാക്കുന്ന വിണ്ണോർ
പരരെയിടകിടച്ചാൽപ്പോരിൽവെൽവാൻ കൊതിപ്പോർ
പരമഥ ഹൃദിവാച്ചാപ്പേടിയെല്ലാമൊഴിച്ചാർ. 51

പതിമൂന്നാം സർഗ്ഗം കഴിഞ്ഞു.

## പതിന്നാലാം സർഗ്ഗം.

സമർത്ഥനാം ശർവ്വസുതൻ ജിഗീഷുവാ-
സ്സമസ്തവാനോരൊരുമാഹവോത്സുകൻ
പ്രമത്തനാം താരകദൈത്യനെബ്ബലാ-
ലമർത്തുവാനോർത്തുടനന്നൊരുങ്ങിനാൻ. 1

കരാംബുജജവം ചേൎന്നു വിജിതാപരാഖ്യമായ്
പരം ജയം ചേൎന്നഥ ദുന്ദിവാരമായ്
പരക്കു നോക്കാനരുതാത്ത തേർ, ധനു-
ർദ്ധരൻ തദാ ശക്തിധരൻ കരേറിനാൻ. 2

സുരാലയശ്രീക്കു വിപന്നിവാരണം
സുരാരിസമ്പത്തിനു താപകാരണം
ഒരാൾ പിടിച്ചാനഥ വൈരിദാരണം
പുരാരിജന്നഞ്ചിതഫുല്ലമവാരണം. 3

സുരച്ഛരച്ചന്ദ്രകരാഭചാമരം
സുരവ്രജം വീശി ഗ്രഹന്നു സാദരം
പുരസ്സരന്മാർ സുരഗായകേന്ദ്രര-
ന്നുറക്കെയാ വീരനെ വാഴ്ത്തി സുസ്വരം. 4

എടുത്തു കയ്യിൽ കൃതവേഷധാരണം
കടുത്ത വജ്രം ഗിരിപക്ഷദാരണം
അടുത്തു കൈലാസനിഭം സ്വവാരണം
പടുത്വമോടേറിയ പാകമാരണൻ. 5

അരാതിയിൽക്കോപമൊട്ടുജ്വലിച്ചു തൻ
ധരാഭമേഷപ്പുറമേറി വഹ്നിയും
ഹരാത്മജൻതൻ പിറകേ പ്രഭാഢ്യമാം
വരായുധം കയ്യിലെടുത്തടുത്തുതേ. 6

ഉലച്ചു കൊമ്പാൽ മുകിൽകീറി നീലമാ-
മലയ്ക്കുനേരാമുടലാൎന്ന പോത്തിനെ
അലങ്കരിച്ചുയ്യമസൂനു ദണ്ഡു കൈ-
ത്തലത്തിലേന്തിപ്പിറകേ നടന്നുതേ. 7

പുരാരിജൻ പോംവഴിയേ മദംപെട്ടും
പെരുംപിശാചിൻ പുറമേറി നൈരൃതൻ
സുരാഹിതദ്വേഷവിശേഷഭീഷണൻ
സുരോഷണൻ ചണ്ഡരണത്തിനെത്തിനാൻ. 8

നവാബ്ദഘോരം മകരം മഹത്തരം
സ്വവാഹമേറിദ്ധൃതഘോരപാശനായ്
ജ്വാലടൽക്കായ്വരുണൻ രണോൽബണൻ
ഭവാത്മജൻതൻ പിറകേ നടന്നുതേ. 9

ഖഗം കണക്കേ ക്ഷണമാത്തവേഗമായ്
ദിഗന്തമെത്തും പെരുതാം സ്വവാഹനം
മൃഗം മുദാ കേറി മരുത്തുടൻ രണ-
പ്രഗത്ഭനാ സ്കന്ദനൊടൊത്തു പോയിതേ. 10

ല്പിടുത്തു, പോരിൽ ദ്വിഷദസ്ത്രധാരയാൽ
ത്തുടുത്തിട്ടും തൻഗദ മത്ത്യവാഹനൻ
കടുത്ത യുദ്ധക്കടലിൽക്കളിക്കുവാൻ
പടുത്വമുള്ളഗ്ഗ്രഹനൊത്തിറങ്ങിനാൻ. 11

വിഷാഹിബദ്ധച്ഛിട ചേൎന്ന രുദ്രരും
രുഷാ ത്രിശൂലോഗ്രപിനാകഹസ്തരായ്
തുഷാരശൈലാഭവൃഷാധിരൂഢരായ്
വൃഷാങ്കജൻ ചേൎന്നടലിന്നിനറങ്ങിനാർ. 12

മരുൽഗ്ഗണം വേറെയുമൈശിയൊത്തുപോയ്-
പ്പെരുത്ത പോരിൽക്കൊതി ചിത്തൊരുങ്ങിയോർ
കുരുത്ത മോദാൽ സ്മിതചാരുവക്ത്രരായ്-
ക്കരുത്തുകൂട്ടും നിജവാഹമേറിയോർ. 13

പരന്ന പൊന്നുംകൊടി പൊങ്ങിയും പലേ
തരം നിറത്തിൽക്കുട നിന്നു മിന്നിയും
പരം മുകിൽത്തേരൊലിയാൎന്നു,മാന ഭീ-
കരം മണിബൃംഹിതഘോഷമേററിയും, 14

സ്ഫുരദ്വിചിത്രായുധശോഭയാൽദ്ദിഗ-
ന്തരങ്ങളെല്ലാമതിയായ്വിളക്കിയും
നിരന്ന ഘോരാമരസേനയോടുമാ
ഹരന്റെ പുത്രൻ തരസാ നടന്നുതേ. 15

എടുത്തു ചാടിസ്സുരർ ചേർത്ത ഘോഷവും
നെടുംകൊടിക്കൂട്ടവുമായ് ജഗത്രയേ
വിടുന്നൊരുച്ഛ്വാസവുമേററമെപ്പൊഴും
തടുത്തിടുംമാറു തദാ നിറഞ്ഞുപോൽ. 16

സുരാരിലക്ഷ്മീഭയദായിയായ് ശമം
വരാതുടൻ മാറെറാലിയാലിരട്ടിയായ്
കരാളഭേരീനിനദം തദാ നഭോ-
ന്തരാളമെല്ലാമിടതിങ്ങിവിങ്ങിതേ. 17

പടപ്പൊടിച്ചാർത്തഴൽ ചേർത്തപോലവേ
സ്ഫുടം നഭസ്സാനകമാറെറാലിച്ചലാൽ
കടഞ്ഞൊരാഴിപ്പടി, ഗർഭപാതമ-
ങ്ങുടൻ രിപുസ്ത്രീയ്ക്കെഴുമാറു കേണുതേ. 18

ഉടഞ്ഞു തേരാൽ, കുതിരക്ഖുരം പൊടി-
ച്ചുടൻ കരിക്കാതടിയാൽപ്പരന്നുമേ
തടഞ്ഞു തെല്ലാക്കൊടിയാലഥാശുഗൻ
പടർത്തി വാനിൽക്കനകാചലപ്പൊടി. 19

രയംപെടും തേർക്കുതിരക്കുളമ്പുകൊ-
ണ്ടുയ,ന്നഗത്താഴ്വര ചേർന്ന പൊമ്പൊടി
സ്വയം കൊടുങ്കാററടിയിൽപ്പറന്നുടൻ
വിയത്തിനാററംവരെയും വിളങ്ങിതേ. 20

പെരുത്തു തങ്കപ്പൊടി കീഴിൽ മിതെയും
മരുത്തു മുൻപിന്നിരുഭാഗവും തദാ
പെരുമ്പടയ്ക്കേകി നവീനസൂൎയ്യനു-
ള്ളൊരുത്തമശ്രീയുളവാക്കി വീശിനാൻ. 21

അനല്പമായ്പ്പൊൻപൊടി പൊക്കിയപ്പട-
ജ്ജനം ദിഗന്തങ്ങളണച്ചതന്നഹോ!
ഘനങ്ങൾ ചോപ്പേററമകാലസന്ധ്യയാൽ
കനത്തുകൂട്ടംപടി വാനിൽ നിന്നുതേ. 22

കരിവ്രജം ഛായകൾ പൊൻനിലത്തുമ-
ത്സരിച്ചു നേരിട്ടപടിയ്ക്കു പാൎക്കയാൽ
സ്ഫുരിച്ച കോപേന രസാതലോത്ഥ,വൻ-
കരിഭ്രമാൽത്തത്ര നിലത്തു കുത്തിനാർ. 23

കളിച്ചു ചെങ്കുങ്കുമരേണുരാശിയിൽ
ക്കുളിച്ചുപോകും സുരസൈന്യദന്തികൾ
തെളിഞ്ഞു പൊങ്കുന്നിൽ വിളങ്ങിടും നില-
ങ്ങളിൽത്തദാ തൻനിഴൽ കണ്ടതില്ലപോൽ. 24

ഇവണ്ണമിന്ദ്രപ്പടതാൻ ക്രമാൽ മഹാ-
ഹവക്കടൽക്രീഡ കൊതിച്ചുകൊണ്ടഹോ !
സുവൎണ്ണവൻകുന്നു ജവാൽക്കടന്നു, സാ-
രവം, പ്രകമ്പം ഗുഹകൾക്കെഴുംവിധം. 25

പട്ടപ്പടത്തേക്ക്ട്ടനാദ,മാന ചേ-
ർത്തിട്ടും മണിബ്ബ്യ,ംഹിതഘോരഘോഷവും
അട്ടക്കിലും മേരുഗുഹയ്ക്കകത്തുറ-
ങ്ങിട്ടും സുഖം കേസരി വിട്ടതില്ലപോൽ. 26

ദരിയ്ക്കകം മാറെറാലി ചേർത്ത ഘോരമാം
പെരിമ്പറത്തേരുരുൾകൾക്കെഴും രവാൽ
പരിഭ്രമിയ്ക്കാതെ മൃഗേന്ദ്രർ കാട്ടിനാർ
ശരിയ്ക്കു പേരാൽപ്പറയും സ്വവൈഭവം. 27

പടന്റുയന്ദ്രിതടം പിളക്കുമ-
പ്പടസ്വനം കേട്ടൊരു കേസരീന്ദ്രരിൽ
സ്ഫുടം വിളങ്ങുന്ന മദം വളർന്നിതുൽ-
ക്കടപ്രതാപാഢ്യമൃഗേന്ദ്രതാവശാൽ. 28

തിരക്കൊടെത്തും സുരസേനയിൽബ്ഭയാൽ
പ്പരക്കെ മാൻകൂട്ടമൊഴിച്ചു മണ്ടിനാർ
സ്സരഭസം തൻ ഗുഹവിട്ടു നിന്നതേ
നിരസ്തശങ്കം മൃഗരാജരങ്ങുതാൻ. 29

സ്വരാമമാരൊത്തമരാവതീജനം
നിരാമയം കൌതുകമാർന്നു നോക്കവേ
സുരാചലത്തിൻെറ പരപ്പു പാരമു-
ള്ളൊരാ ലസൽത്താഴ്വര ചേർന്നു സൈനികർ 30

സിതാസിതാപാടലപീതധാതുവ-
ദ്ഭുതാഭമായ്ത്തത്ര പൊടിഞ്ഞു പൊങ്ങവേ
അതാശു ഗന്ധൎവ്വപുരങ്ങൾ വാനില-
ന്നതാതിടം ചേൎന്നുപോലെയായിതേ. 31

പൊടിച്ചു കണ്ണാന്തപുടം, പയോധിനീ
രടിച്ചുലച്ചേറെ വളൎത്തിയെങ്ങുമേ
തടിച്ച സേനാനിനദം തദാ ജവ-
ത്തൊടിജ്ജഗത്താസകലം നിറഞ്ഞുതേ. 32

പരന്നെഴും വങ്കരിബൃംഹിതം, ഭയ-
ങ്കരങ്ങളാമശ്വമഹേഷിതങ്ങളും
പരം പെരുന്തേരുരുളൊച്ചയും പെരി-
മ്പറയ്ക്കെഴും ഘോരരവം മറച്ചുതേ. 33

സുരാരിനാരീകബരീഭരാതിസു-
ന്ദരാക്ഷിപക്ഷ്മസ്തനമണ്ഡലങ്ങളിൽ
പരാശ്വനാഗൌഘരഥദ്ധ്വജങ്ങളിൽ
സ്സുരാളിസൈന്യപ്പൊടി ചേൎന്നുതേ ജവാൽ. 35

ഇനന്റെ ബിംബത്തെ മറച്ചു വാനില-
ക്കനത്ത സൈന്യപ്പൊടി ചേൎന്നു കാൺകയാൽ
ഘനഭ്രമാൽ മൈലുകളാടി, മാനസ-
ത്തിനന്നമെല്ലാമഥ യാത്രയായിതേ. 35

കനത്ത സൈന്യപ്പൊടി തത്ര പൂത്തനാം
ഘനത്തൊടൊത്തങ്ങിനെ വാനിൽ നില്ക്കവേ
കനൽപ്രഭപ്പൊൻകൊടി മിന്നലെന്നു താൻ
നിനച്ചിടും മാറിടയിൽക്കളിച്ചുതേ. 36

അനന്തമാമിപ്പൊടി പൊങ്ങിടുന്നതാ-
ണനന്തവിട്ടു,ല്ല, വിഴുന്നതെന്നുമേ
ജനങ്ങൾ തർക്കിച്ചു വിയൽദ്ധരാന്തരം
കനക്കവേ തൂർന്നു തത്ര കാണ്കയാൽ 37

പടർന്നു തുശിപ്പുഴുതറവ പൊങ്ങുമ-
ല്പടപ്പൊടിച്ചാർത്തിടതൂർന്നു നിന്നുടൻ
തടഞ്ഞു മേൽ കീഴഥ മുമ്പു പിമ്പുമ-
ങ്ങിടം വലം രണ്ടിലുമുള്ള കൺഗതി. 38

കുറഞ്ഞിടാദ്ദിഗ്ഗജദാനഹാരിയായ്
നിറഞ്ഞു ശബ്ദിച്ചു വിമാനവാതലിൽ,
അറഞ്ഞ വാദ്യങ്ങളുയർത്തുമൊച്ചയാ-
ലുറക്കെ നില്ലാതലറി നഭസ്ഥലം. 39

വിയത്തിലും മന്നിലുമാ മഹാചമൂ-
ചയം പരന്നന്നിടതിങ്ങിയെങ്ങുമേ
സ്വയം വളർക്കുന്ന തിരക്കുകാരണം
ഭയദ്രുതത്വം പരമാർന്നിതോ തദാ. 40

കടങ്ങറം പൊട്ടും കരി ചേർത്ത ബൃംഹിതം
തുടന്നു പൊങ്ങും തുരഗേന്ദ്രഹേഷിതം
പടന്നു വന്നേരുകളൊച്ചയും വള-
ന്നുടൻ ജനം വിപ്പിട്ടുവാൻ കഴങ്ങിതേ. 41

അലച്ചയൊത്താനകറം ഫണ്ടെ പാരമി-
ട്ടുലച്ച വാച്ചോരൊലി വീരവാദവും
നിലച്ചിടാതന്നു പരന്നുയന്നു ചെ-
ന്നലച്ച വാചാലതയാന്നുദിക്കുകറം. 42

ഒലിച്ച ദാനാംബുവിൽ വാച്ച നിമ്നഗാ-
വലിക്കുഴും വാരി വിയോത്ഥ ഃ രണുവാൽ
കലങ്ങിയേറെച്ചളിയാ,യതപ്പോഴേ
സ്ഥലതചമാർന്നു രഥചക്രനേമിയാൽ. 43

ഹയക്കുളമ്പേറ്റുടവാന്നിട്ടും നിലം
സ്വയം രഥേഭങ്ങറം സമീകരിക്കയാൽ
ഉയന്നുനിന്നോരിടമാശു താന്നു, കു-
ണ്ടിയന്നതോ തുന്നു നിരന്നു നിളവേ. 44

വിയദ്ദിഗന്തപ്രതിനാദഭീമമാ-
യുയന്നു കുന്നിൻെറ തടം പിളന്നുടൻ
സ്വയം പയോധിക്കുലവേകി വാച്ചതേ
ഭയങ്കരം ഭേരി പരത്തുമാരവം. 45

അടിച്ചു കാററാൽഗ്ഗമനം തടഞ്ഞിടും
പടിക്കലലഞ്ഞാശകൾ മൂടിയെങ്ങുമേ
കൊടിപ്പടം പൊന്മണിയൊച്ച വാച്ചുടൻ
പൊടിക്കടൽക്കുള്ളിൽ മുഴക്കെ മുങ്ങിതേ. 46

പരം മദേഭക്കൊട്ടുഗർജ്ജിതങ്ങളും
പരന്ന ഘണ്ടാഗ്രരവങ്ങളും തദാ
സുരവ്രജത്തിൻ പടഹത്തിനുള്ളോരാ-
ക്കപരസ്വനം തീരെ മറച്ചു സേനയിൽ. 47

കരാളവാചാലമുഖത്വമാച്ചുമൂ-
സ്വരാലിയന്നുള്ള രജസ്വലാശയേ
ഖരാംശു കണ്ടാശു രജസ്സുതാം തമോ
ഭരാൽ മറഞ്ഞാനെവിടത്തിലോ തദാ. 48

പടജ്ജനം ദിക്കിനെ മുമ്പിലാക്രമി-
ച്ചുടൻ രജോഭൂഷിതയാക്കിടും വിധൌ
ഇടഞ്ഞപോലന്നലറീ വിയത്തഹോ,
പടന്ന ഭേരിപ്രതിനാദകൈതവാൽ. 49

കരികൾ കാററടിയേററ പറന്നൊരു-
ഗ്ഗിരികൾപോലെ വിയൽപഥമേറിനാർ
കരിമുകിൽപ്പടി പാരിലുമായിതേ
പെരിയ തേർ വിപരീതമിലക്കഹോ. 50

കരബലയുതദൈത്യാനല്പകല്പാന്തകാലേ
നിരവധി ഖരഘോഷം ചേൎന്നുയൎന്നാഴിപോലേ
പരമരിയൊരുഭ്ഭൂതൽപ്പങ്ക്തിയും മുക്കി മേലേ
സുരപൃതന നിറഞ്ഞു വ്യോമഭൂമ്യന്തരാളേ. 51

പതിന്നാലാംസൎഗ്ഗം കഴിഞ്ഞു.

## പതിനഞ്ചാം സർഗ്ഗം

സേനാദ്ധ്യനിന്ദ്രൻ സമരത്തിനൈശിയാം
സേനാനി മുൻചെന്നു വരുന്നുവെന്നഹോ
നാനാനിലിമ്പാരികൾ കേട്ടിതുള്ളിള-
ക്കാനായ്പ്പുട്ടതാപം പെട്ടമജ്ജനശ്രുതി. 1

മാരാരിപുത്രൻ ജയലക്ഷ്മി ചേർന്നവൻ
വീരാമരോഗ്രപ്പടകൾക്കു നാഥനായ്
പോരാട്ടുവാൻ ചെൽവതു കേട്ടനേരമുൾ-
ത്താരാടി ദൈത്യപ്രവരർക്കഹോ ചിരം. 2

ഒത്താശു ദൈത്യാധിപനോടു മൌലിയിൽ-
ച്ചേർത്താക്കരത്തോടവർ കൂപ്പിയോതിനാർ
വൃത്രാരി യുദ്ധാശമുഴുത്തൊരെശിയോ-
ടൊത്താപ്പുരത്തിന്നണയുന്ന വാർത്തയേ. 3

"ലോകത്രയം വെന്നെഴുമെന്നെ വെന്നിതാ
നാകത്തിനീശൻ പലവട്ടമിപ്പൊഴോ
ശ്രീകണ്ഠപുത്രൻ ശിശു വെല്ലു"മെന്നവൻ
പാകത്തിലന്നോതി ചിരിച്ചു കാകുവായ്. 4

നാനാജഗത്തും കളിയായ് ജയിച്ചുകൊൾ-
വാനാത്തരോഷം പൊടിയും വിറച്ചവൻ
മാനാദ്ധ്യനന്നാജ്ഞകൊടുത്തു ഗർവ്വിഷ്ഠം
സേനാധിപന്മാർക്കടരിന്നൊരുങ്ങുവാൻ. 5

ആരാൽത്തൊഴും ഭൂപർ ചുഴന്ന തൽപുര-
ദ്വാരാങ്കണേ പോരിനൊരുങ്ങിയങ്ങിനെ
പേരാളുമസ്സൈന്യപർ തിങ്ങിയെങ്ങുമേ,
ഘോരായുധം കയ്യിലെടുത്തുലയ്ക്കുവോർ. 6

നേരററ യുദ്ധാബ്ധിയുലപ്പൊത്രക്കിയ-
ന്നോരററമററാപ്പൃതനാധിനാഥരെ
ഏറെത്തദാ കൈതൊഴുതങ്ങു നില്പതാ
ദ്വാരസ്ഥർ കാണിച്ചഥ കണ്ടു താരകൻ. 7

കേടാദിതേയപ്പടകൾക്കു ദിഗ്ഗജ-
വ്രീഡാനിദാനസ്വനമാർന്നണപ്പതായ്
മാടാഴിരണ്ടും തടയാതെ ഘോരമാ-
യിടാർന്ന തേരേറി നടന്നു പിമ്പവൻ. 8

രാവം യുഗാന്തക്കടൽപോലെ ചേർത്തു വെയ്-
ലാ വൻകൊടിക്കൂറകളാൽ മറച്ചുമേ
ദേവാരിസൈന്യം പൊടിയാൽദ്ദിഗാക്കരെ-
ത്താവും ജവാൽമൂടി നടന്നു പിന്നിലായ് 9

വാനോർക്കുനേർക്കദ്ദിതിജേശനെത്തവേ
സേനോത്ഥരേണുക്കൾ ദിഗന്തദന്തിയിൽ
പീനോഗ്രവെങ്കൊമ്പിൽ വെളുപ്പുതേടിത-
ദ്ദാനോരുഗണ്ഡേ ചളിയായ് ചമഞ്ഞുതേ. 10

പാരിച്ച കുന്നിൻഗുഹ വിള്ളുമാറുടൻ
പൂരിച്ച സേനാപടഹസ്വനം തദാ
നേരിട്ടു വാനാറിലുമാഴിതന്നിലും
നീരിട്ടുലച്ചാക്കരയെക്കവിച്ചുതേ. 11

ദേവാരിനാഥൻെറ വളന്ന സൈനികാ-
രാവാലുലഞ്ഞീടിന ദേവവാഹിനി
ആ വാരിജാഢ്യത്തിരമാലയാലമ-
ത്ത്യാവാസമെല്ലാം കഴുകിത്തുടച്ചുതേ. 12

'ചീത്താടലാമാഴിയിൽ മുങ്ങുമാശു നി
യോത്താലു'മെന്നായുപദേശമോതുവാൻ
ആത്താരകൻ തന്നോടടുത്തിവിധം
പാത്താനവൻ ദുശ്ശകുനം പരം തദാ. 13

നന്നായ് ഭുജിക്കാം ദനുജാമിഷംനമു-
ക്കെന്നാഘ്ലോതിച്ചുഗ്രകപക്ഷിസഞ്ചയം
ചെന്നാതപത്തെത്തടയാതടുത്തുതാൻ
നിന്നാർ നഭസ്സിൽപ്പടകാർക്കുമീതെയായ് 14

എല്ലാമടിച്ചാക്കുടയും ധ്വജങ്ങളും
വല്ലാതൊടിച്ചു,ക്ഷി കലക്കി രേണുവാൽ,
നില്ലാതുലച്ചശ്വരഥേഭപംക്തിയൊ-
ട്ടല്ലാതെ മൂടി പൊടിയാൽപ്രഭഞ്ജനൻ. 15

പൊട്ടിച്ച കാളാഞ്ജനമൊത്ത ഘോരമാം
കട്ടിക്കരിങ്കായമെഴും മഹാഹികൾ
മുട്ടിത്തടഞ്ഞാ വഴിയേ വിഷാഗ്നിലൻ
പൊട്ടിപ്പുറപ്പെട്ട മുഖത്തൊടെത്തിനാർ. 16

ഘോരാമനക്കൻ, ചുഴലും ഭയങ്കരാ-
കാരാഹിപോലെപ്പരിവേഷമാർന്നതേ
തീരാത്ത മാത്സര്യമരാതിയോടിയ-
ന്നോരാവിധം ദൈത്യവരാന്തശംസിയായ്. 17

ക്രൂരാക്കബിംബത്തിനെ നോക്കിയോരിയി-
ട്ടാരാക്കരക്കപ്പെട പേടിയാംപടി
വീരാസുരേന്ദ്രപ്പെടചേർന്ന ശോണിതം
പാരാതെ മോന്താൻ കൊതിയാർന്നപോലവേ. 18

താരങ്ങളേറെപ്പകലും ചലിച്ചുടൻ
പാരം തദാ രസനയിൽ വീണകാങ്കയാൽ
ന്നേരററ ദുഃഖം മൂതിയോളമെത്തുമി-
ന്നേരത്തു ദൈത്യക്കിതിലോകരോർത്തതേ. 19

ഏറെജ്ജ്വലിച്ചാശ ദിഗന്തമെത്തിടും
മാറഗ്രമായുള്ളോരു മിന്നലൊത്തരം
ക്രൂരസ്വനത്താൽക്കരൾപൊട്ടിടുംവിധം
കാറല്പമില്ലാതിടിവെട്ടി വിസ്മയം 20

കാളിക്കനൽക്കട്ടകൾ, ചോര,യെല്ലുമ-
ന്നാളിൽക്കനെക്കബ്ബത! പെയ്യിതംബരം
മേളിച്ചു പൊങ്ങും കഴുതക്കഴുത്തൊളി-
ദ്ധൂളിവ്രജത്താലെ പുകഞ്ഞിതാശകൾ. 21

ആലസ്യമററാശകൾ തിങ്ങി വമ്പെഴും
ശൈലം പിളൎന്നും ശ്രവണം തകൎത്തുമേ
കാലൻ കയൎത്തൊന്നലറിക്കളിച്ചിട്ടും
പോലങ്ങു നിൎഘാതരവം പരന്നുതേ. 22

വാരിശി കോൾകൊണ്ടചലം വിറച്ചിട്ടും
മാറാം ധരാ കമ്പവശാൽ ഭൃശം ജനം
ആരാൽപ്പുണൎന്നാരരിസേനയിൽസ്ഖലി-
ച്ചാ,രാനയേറെത്തുരഗങ്ങൾ വീണുതേ. 23

പാരം ചെവിക്കൊക്കരുണസ്വരത്തിനാൽ
സ്വൈരം കൊടുക്കാതെ കുരച്ചുകൂട്ടമായ്
സൂരങ്കൽ നോക്കിത്തലപൊക്കി നായ്ക്കള-
ന്നേരം സുരാരിക്കെതിരായടുത്തുതേ. 24

ജാതങ്ങളാമപ്പരിണാമദാരുണോൽ-
പാതങ്ങൾ ദുൎദ്ദൈവഹതൻ മഹാസുരൻ
മിതക്കുമിതേ ബത! കാണ്കിലും മട-
ങ്ങാതന്നു യാത്രക്കു രുഷാ മുതിൎന്നുതേ. 25

'വല്ലാത്തൊരാപത്തു വരും, പടസ്സു പോ-
കൊല്ലാ ഭവാനെന്നറിവോർ തടുക്കിലും
നില്ലാതവൻ പോയി; ഹിതോപദേശമൊ-
ക്കില്ലാ മഹാത്മാക്കൾ ദുരാഗ്രഹാന്ധരിൽ. 26

നേരിട്ടടിക്കും പ്രതികൂലവായുവാൽ
പ്പാരിൽപ്പതിച്ചിട്ടുമവന്റെ പൊൻകുട
ഭൂരിപ്രഭം മിന്നി യമന്റെ തീനിനായ്-
പ്പാരിച്ച പൊൻഭാജനമെന്നപോലവേ. 27

വാദിച്ചിടേണ്ടാ, ജവമോട്ടമശ്വളും
ഛേദിച്ചുപോമെന്നറിവാനു ഭീതിയാൽ
ഖേദിച്ചപോലദ്ദനുജേന്ദ്രമൗലിതാൻ
രോദിച്ചു മുക്താശ്രുകണങ്ങളാൽബ്ഭൃശം. 28

മൗലിക്കുനേർക്കായവനെപ്പിടിക്കുവാൻ
പോലങ്ങു ഗൃദ്ധ്രം, ഭടർപോയ്ത്തടുക്കിലും
മേലിൽബ്ഭവിക്കും മൃതി ദാനവാവലീ-
മൗലിക്കു കാട്ടിപ്പലവട്ടമെത്തിനാർ. 29

തല്ലാലഭിന്നാഞ്ജനസന്നിഭാഭയും
നില്ലാതെ വീശും ഫണരത്നശോഭയും
ഉല്ലാഗ്നിയൊക്കും വിഷമേന്തുമൂത്തുമൊ-
ത്തക്കാലമാത്തൽക്കൊടി കേറി പന്നഗം 30

തേ,രശ്മകേശാവലി, കണ്ണചാമരം,
ഘോരററ വില്ലമ്പുക,ളാവനാഴിയും
ചാരത്തു തൽത്തേരിനു നേക്കു പൊങ്ങിയ-
ന്നേരത്തകാലാഗ്നി പരം കരിച്ചുതേ. 31

ഈമട്ടിലുല്പാതമനേകമല്ലലു-
ണ്ടാമന്നു പോർ ചെയ്യുകിലെന്നു ചൊൽകിലും
ആ മത്തദൈത്യൻ തിരിയാഞ്ഞയാൽത്തദാ
വ്യോമത്തിൽ നിന്നോതി തദാ മരുത്തുകൾ:- 32

"സർവ്വാമരന്മാർ ഹരിമുഖ്യർ ചുഴമ-
ശ്ശർവ്വാത്മജൻതന്നോടിടഞ്ഞുപോരിനായ്
ദുർവ്വാരമാകും ഭുജദണ്ഡചണ്ഡിമാ-
ഗർവ്വാൽ മദാന്ധാസുര പോയിടായ്ക നീ. 33

പാരിച്ചിരുട്ടക്കിനെയെന്നപോലെ, നാ-
ളാറിന്നു ചെല്ലും ഗുഹനെ,സ്സുരാരികൾ
നേരിട്ടുനോക്കില്ല,വനോടിടഞ്ഞു നീ
പോരിട്ടുനോക്കാൻ കരുതുന്നതെങ്ങിനേ. 34

മാനം തൊട്ടും ശൃംഗശതങ്ങൾ തിങ്ങിയ-
ന്യൂനം ദിഗന്തങ്ങൾ നിറഞ്ഞ പർവ്വതം,
ഏതത്തിലാക്രൌഞ്ചെ,മൊരമ്പിനാൽത്തുള-
ച്ചാനഗ്ഗുഹൻ, നീയവനോടെതിക്കയോ? 35

ശ്രീപാൎവ്വതീശൻ സ്മരവൈരിയോടു നൽ-
ച്ചാപാഗമം നേക്കു പഠിച്ചുപോയുടൻ
ഭൂപാലരെക്കൊന്നെഴുമൂന്നുവട്ടമ-
ക്കോപാഗ്നിതൽച്ചോരചൊരിഞ്ഞടക്കിയോൻ. 36

ഭൂയോ നൃപാലക്ഷയകാളരാത്രിക-
ത്തായോരു വമ്പൻ ജമദഗ്നിപുത്രനും
ആ യോധവൎയ്യൻ ഗുഹനോടെതൃക്കയി-
ല്ലായോധനം നീയവനോടു ചെയ്യുമോ ? 37

നീ മാററുകിഗ്ഗൎവ്വമദാന്ധ ! പോകൊലാ
കാമാരിജൻതൻ കടുശക്തിയേല്ക്കുവാൻ
ആ മാന്യനെത്താൻ ശരണാൎത്ഥിയായ് ഭജി-
ച്ചീമാലൊഴിച്ചിങ്ങു ചിരം വസിക്കെടോ." 38

ഈവണ്ണമാകാശവചസ്സു കേൾക്കയാൽ-
ക്കൈവന്ന കോപാലഭിമാനി താരകൻ
ഏവം, ത്രിലോകത്തിനു കമ്പമേകിടു-
ന്നാവമ്പനുൽക്കമ്പമിയന്നു ചൊല്ലിനാൻ. 39

"രേ! രേ ! മഹാവാനവരേ ! ഗുഹാശ്രിത-
ന്മാരേ ! ഭവാന്മാർ പറയുന്നതെന്തഹോ !
ഘോരേഷുവാൽപ്പണ്ടിവനേകിയോരു മാൽ
പോരേ, ഭയം വിട്ടതു വിസ്മരിച്ചുവോ? 40

സ്സാരാരവം കാത്തികരാവിൽ നായപോ,-
ലാരാൽ വനാന്തേ മൃഗധൂത്തർ പോലവേ
വീറാൽക്കുരസ്സുന്നതഹോ ! പിറന്നു നാ-
ളാറാം കിടാവിൻബലമാത്രതന്നെയോ ? 41

പാവം, ഖലൻ ചേന്നൊരു സാധുപോലെയി-
ദ്ദേവശ്രിതൻ ഭഗ്നതപസ്വിബാലകൻ
ചാവണ്ടതിക്കായ,തിനാലെ നിങ്ങളെ-
ക്കൊൽവൻ ക്രുധാ മുമ്പൊ,ട്ടവുണ്ണിതന്നെയും.'42

ഘോരസ്വരത്തോടിതുമോതിയാമഹാ-
വീരൻ ക്രുധാ തൻ പെരുവാളെടുക്കവേ
ഭൂരഞ്ജടൻ മുട്ടുകൾ കൂട്ടിമുട്ടി വാ-
ന്നോരത്രയും പേടിയൊടോടി മാറിനാർ. 43

പാരിച്ചഗർവ്വാലുറതന്നിൽനിന്നു വാ-
ളൂരിപ്പിടിച്ചട്ടഹസിച്ചൊരാ രഥി
ഭൂരിക്രുധാ സൂതനൊടോതി 'വേഗമെൻ
തേരിന്ദ്രപാർശ്വത്തിലണസ്സുകെ'ന്നുതാൻ. 44

ചിത്താതിവേഗത്തൊടു സൂതനെങ്ങുമേ
നിത്താതെ പായിച്ചൊരു തേരിലാശുപോയ്
അത്താരകൻ ഭീതിദമാം പെരുങ്കടൽ-
ക്കൊത്താ നിലിമ്പപ്പടയിൽക്കടന്നുതേ. 45

പാരം പരക്കും സുരസേനകണ്ടൊരാ-
വീരൻ വഹിച്ചു പുളകം പ്രമോദജം
ഘോരപ്പെരിമ്പോക്കളി തന്റെ ചണ്ഡമാം
കൈ രണ്ടിനും നൽകിടുവാൻ കൊതിപ്പവൻ. 46

നേരിട്ടു പിന്നെക്കരംമില്ലാത്ത വേഗമാ-
ന്നോരിന്ദ്രസേനാചരരാം ചരവ്രജം
പാരിച്ചുടൽക്രീഡകൊതിച്ചൊരുങ്ങിനാർ;
പോരിന്നമാന്തം വരുമോയുയുത്സുവിൽ! 47

ദേവാരിസേനാചരരപ്പൊഴേ രണം
ചെയ്യാൻ രസാൽക്കയ്യുകൾ പൊക്കിയങ്ങിനെ
പേർ, വാച്ചശബ്ദത്തിലുരച്ചു സിന്ധുവൊ-
ത്താവാസവാനീകിനിയോടടുത്തുതേ. 48

ഘോരാരിസൈന്യക്കടൽ കണ്ടു വാനവ-
ന്മാരാകവേ ക്ഷോഭമിയന്നുടൻ തദാ
'പോരാളിമാർ പുല്ലിവ'രെന്നു ചൊല്ലുമാ-
മാരാരിജക്കൺകട നേക്കുനോക്കിനാർ. 49

ആ ത്താരകാനീകിനിയിൽത്തദാ ഭയം
ചീർത്താ നിലിമ്പപ്പടയെ സ്സുരാരിജൻ
നേത്താഹവക്രീഡ തുടങ്ങുകെന്നുടൻ
പാർത്താൻ പ്രസാദാമൃതു തൂകുമക്ഷിയാൽ. 50

സേനാനി നോക്കാലടൽവാഞ്ഛ വാച്ചാ-
നാനാസുരന്മാർ വലവൈരി തൊട്ടവർ
'ഞാനാണരിക്കന്തക'നെന്നു തുള്ളി; കാ-
പ്പാനാൎത്ഥർ നില്ലേല്ലൊടിയാക്കയന്നിടാ ? 51

ചോരും മദാലായുധമേന്തി വാനവ-
ന്മാരും തദാ ദൈത്യരുമേററ തങ്ങളിൽ
പേരും, പരം വന്ദികൾ, വമ്പുമോതിയെ-
ല്ലാരും ജയിപ്പാൻ കൊതിയോടെതിൎത്തുതേ. 52

ഘോരപ്പോർപ്രളയം പരന്നു പരമു-
ദ്വേലം ദിഗന്തം നിറ-
ഞ്ഞോരസ്സൈന്യമഹാബ്ധി രണ്ടതിരുഷാ
കാലാതിഥിതേച്ഛയാൽ
ആരംഭിച്ചളവേറിട്ടും ബഹളമാം
കോലാഹലം താലജാ-
ലാരബ്ധാദ്രിതടം പൊടിച്ചു കയറി
ബ്രഹ്മാണ്ഡഭാണ്ഡോദരേ. 53

പതിനഞ്ചാം സൎഗ്ഗം കഴിഞ്ഞു.

## പതിനാറാം സൎഗ്ഗം.

അടലുണ്ടായി ശസ്ത്രാസ്ത്ര-
പടലത്താൽബ്ഭയങ്കരം
ഉടൻ മഹേന്ദ്രദേവാരി-
പ്പടകൾക്കു പരസ്പരം. 1

പോരിൽക്കാലാളു കാലാളായ്
നേരിട്ടു, രഥിയായ് രഥി
കരിയോ ഹയമോ കേറു-
മരിയോടടുത്തു കേറുവോൻ. 2

ധീരം പോരിന്നു നേരിട്ട
വീരന്മാരുടെ പേരുകൾ
സ്വൈരം വന്ദികുലാധീശ-
ന്മാരപ്പോഴോതി വാഴ്ത്തിനാർ. 3

വിരുതാവന്ദിവൃന്ദങ്ങൾ
പെരുതായ് വാഴ്ത്തവേ രസാൽ
പൊരുതാനുഴറും വീര-
ന്മാരു തെല്ലിട നിന്നുപോയ്. 4

അടൽക്രീഡാരസാൽ വർദ്ധി-
ച്ചുടൻ രോമാഞ്ചിതാംഗരായ്
ഇടഞ്ഞേല്ക്കുന്ന വീരന്മാ-
ക്കുടലിൽച്ചട്ട പൊട്ടി പോൽ. 5

കരവാൾ ചട്ടമേലേററ
പരം പൊങ്ങുന്ന പഞ്ചിയാൽ
നരയാൽപ്പോലെ ദിക്കെട്ടും
സുരനാട്ടും വെളുത്തുതേ. 6

വീരരങ്ങിങ്ങലച്ചിട്ടും
ചോര ചേരുന്ന വാളുകൾ
സൂരചാരുകരസ്പർശാൽ
പാരം തുമിന്നൽ പോലെയായ്. 7

പട്ടുഃയാധർ മുഖജ്വാല-
പെട്ട മമ്പു പരം രുഷാ
വിട്ടുന്നതു കൊട്ടമ്പാമ്പിൻ-
പടി വാനിൽ നിറഞ്ഞുതേ. 8

ഭടരന്ന്യോന്ന്യമെയ്യുറെ-
യുടൽ കീറിട്ടുമാശ്ശുഗം
അടലിൽച്ചോര പററാതെ
കടന്നു ദൂരവേ ഭുവി. 9

പോക്കളിപ്രീതർ യോധാഗ്ര്യർ
നേക്കയെച്ചിട്ടുമാശ്ശുഗം
ആക്കരിസ്സുരെ വീഴ്ത്തീട്ടു
പോക്കളത്തിൽപ്പതിച്ചുതേ. 10

ഭീമത്തീജ്ജ്വാലയുള്ളന്യ-
ക്ഷാമം തമ്മിലിടഞ്ഞുടൻ
വ്യോമത്തിൽത്തിങ്ങി വിങ്ങീട്ടു
വൈമാനികരകന്നുപോയ്. 11

ഊനമററ ഭടാസ്ത്രത്താൽ-
ദ്ഭിന്നത്വം തേടിട്ടംപടി
വാനം കരഞ്ഞു വിരസം
ശ്യേനപ്രതിരവച്ഛലാൽ. 12

കണ കാതോളമെത്തിച്ചു
രണശ്ശൂരർ വിടുന്നവ
നിണം മോന്താൻ കൊതിക്കുംപോ-
ലണഞ്ഞൂ ദൂരവേ ക്ഷണം. 13

ശരിക്കു വീരർ കൈതന്നിൽ
ധരിപ്പോരുറ വിട്ടവാറും
സ്ഫുരിക്കും പ്രഭയാലേറെ-
ച്ചിരിക്കുംപോലെ മിന്നിതേ. 14

ചൊടിച്ചാടിക്കുടഞ്ഞോര
കുടിച്ച ഭടവാളുകൾ
പൊടിക്കാറിങ്കൽ വമ്പോരിൽ
ത്തടിത്തിൻ ധാടി തേടിതേ. 15

പ്രാസം ശോഭിച്ചതേ ജന്യ-
വാസനക്കാരിലാഹവേ
ത്രാസദാന്തകനാവെന്നുൾ-
ള്ളസൽ മാററാക്കെഴും പടി. 16

ചക്രങ്ങളു ജ്വലൽക്കാന്തി-
ചക്രങ്ങൾ വരചക്രികൾ
പോക്കളെവ്യോമ്നി സൂര്യശ്രീ
ചേക്കുമാറ തിരിച്ചതേ. 17

കലഹാൎത്ഥം വരും വീരർ
നില വിട്ടലറം വിധൌ
ചിലർ വീണു ഹയം വിട്ടു
ചിലർ മോഹിച്ചതേ മദാൽ. 18

രണപ്രിയന്മൊരാൾ വൈരി-
യണയെത്തോഷമാൻതേ
പിണങ്ങിപ്പിന്തിരിഞ്ഞോര-
ക്ഷണമേറം വിഷാദവും. 19

പലരായ്യോരടിച്ചീടും
ബലശാലികളാം ചിലർ
കലഹത്തിന്നു മുമ്പേററ
ചിലരേക്കണ്ടു നേത്രുതേ. 20

ഒത്തടുത്തടലിൽദ്ധീര
മത്തയോധരെതിർക്കവേ
കൈത്തണ്ടിൽപ്പുളകം തിങ്ങി
ചിത്തമോദാൽച്ചൂടക്കഹോ! 21

കൃത്തമത്തേഭകുംഭോദ്യ-
ന്മുത്തടൽക്ഷേത്രമായതിൽ
ചീർത്താഭ ചേർത്തുതേ കീർത്തി
വിത്തുതൻമുളപോലവേ. 22

കൂടിടും വീരഘോഷത്തിൽ-
പ്പേടിയാൽപ്പോരിലാനകൾ
ഓടിനാർ തോട്ടിയിൽപ്പീതി-
തേടിടാതാശ തോറുമേ. 23

കീറി മെയ് ഭടനും ബാണം
കേറിത്തങ്ങൾക്കുമാനകൾ
മാറിത്തിരിച്ചുടൻ ചോര-
യാറിൽച്ചാടിക്കുളിച്ചുതേ. 24

ചൂരിച്ചോരപ്പുഴയിൽ, വൽ-
തേരിലും രഥിമാർ തദാ
വാരിച്ചൊരിഞ്ഞു ഹുങ്കാരം
പാരിച്ചമ്പരിയിൽ ക്രുധാ. 25

തലയററ ഹയം വിട്ടു
നില തെററി വിഴും ഭടർ
കുല ചെയ്യസിയാൽ മുമ്പ
നിലത്താക്കി രിപുക്കളെ. 26.

ഝടിത്യരിയരിഞ്ഞിട്ട
പടിക്കുടൽ വിട്ടും തല
ചൊടി ഘോരം കടിച്ചേവം
ചൊടിയാൽച്ചെന്നു നേക്കു താൻ. 27

മാനമററങ്ങു ഘോരാസ്ത്ര-
ലൂനവീരശിരസ്സുകൾ
ശ്യേനങ്ങൾ കാലിനാലേന്തി
മാനത്തൊക്കെപ്പരത്തിനാർ. 28

കാലാൾ ഹയസ്ഥരും കോപാൽ
കുലയാനയെതിർക്കവേ
ചേലാമെല്ലാമ്പേറി വൻകുന്ത-
ത്താലാനക്കാരെ വീഴ്ത്തിനാർ. 29

പാപ്പാൻ ശസ്ത്രത്തിനാൽച്ചത്തു
പോയ്യോരമഴലും ഗജം
കല്പാന്തക്കാററിളക്കിട്ട-
മപ്പർവ്വതമൊടൊത്തുതേ. 30

അടലാടിയടുപ്പോത്ര-
ക്കുടയോരാന കേറിയോർ
ഉടൽ, തമ്മിൽ വിട്ടും ശസ്ത്ര-
പടലത്താൽ മുടിച്ചതേ. 31

ഇടഞ്ഞാനക്കൊമ്പു മുട്ടി-
പ്പടന്നു പട്ടുപാവകൻ
ഉടൻ ശസ്ത്രഹതന്മാർക്കു-
ള്ളുടൽചുട്ടു കരിച്ചതേ. 32

അതിരുഷ്ടകരിക്കയ്യിൽ
പ്പതിച്ചിട്ടുകിലും ഭടർ
അതിനന്നസിയാൽച്ഛേത്തു
മൃതി തൽപ്രഭു കാണ്കവേ. 33

ദിവി ദന്തി ഭടന്മാരെ
സ്സവിരോധമെറിഞ്ഞതിൽ
അവിടെഗ്ഗതി ജീവന്നായ്
ഭുവി വീണിതു വിഗ്രഹം. 34

വാരണത്തുമ്പിയെ ശ്ശുഭ്ര-
ധാരവാളാലറുത്തുടൻ
പാരണച്ചിട്ടുമേ തൃപ്തി
പാരമാന്നിലപോൽബ്ഭടർ. 35

ആന മേല്പോട്ടെറിഞ്ഞാശു
വാനണഞ്ഞ പദാതിയെ
വാനവസ്ത്രീ സരാഗം വേൾ-
പ്പാനണഞ്ഞാളതിദ്രുതം. 36

ശരക്ഷതത്താൽ മൂർച്ഛിച്ചു-
ള്ളോരഥിരഗജസ്ഥരെ
ചിരം കാത്തിതുണർന്നോല്ലാൻ
തുരഗാരൂഢ ധന്വികൾ. 37

വെമ്പിക്കോപാൽപ്പിടിപ്പാനായ്
മുമ്പിലെത്തുന്ന കുംഭിയെ
തുമ്പി വെട്ടിപ്പിടിച്ചീടാൻ
കൊമ്പിൽ കാലാൾ കരേറിനാർ. 38

അരിപ്പടനടുക്കെത്തി-
ക്കരിക്കൊമ്പു കടസ്സലായ്
അരിഞ്ഞു വാളാൽക്കാലാൾ പോയ്
ത്തിരിച്ചെത്തി തെരിക്കനേ. 39

അരിശം പൂണ്ടു തുമ്പിയാക്കെ
കരി നീട്ടിപ്പിടിച്ചോരാൾ
പരിക്കേല്ക്കാതെ തജ്ജീവൻ
ഹരിച്ചാൻ വാളിനാൽബ്ബലി. 40

തുരംഗി കുന്തം തുരഗീ-
ഖരമാറിൽക്കയററിനാൻ
പരം തന്മാറിലും കുന്തം
തറച്ചതറിയാതെതാൻ. 41

ഉറപ്പായ്യാജിമേൽ, കുന്തം
കരത്തിൽച്ചേത്ത്ഴും ഭടൻ
പരപ്രാസഹതൻ വാണാൻ
മരിക്കാത്തതുപോലെതാൻ. 42

കേറി൧യാൻ പാരിലശ്വസ്സും
കേറിച്ചത്തു പതിക്കിലും
കൂറിനാലശ്വ വാത്തശ-ം
മാറിടാതങ്ങു നിന്നുതേ. 4൩

കത്തിയമ്പോറവ വീണിട്ടും
ചിത്തം വാടാത്തുരംഗിതാൻ
ശത്രുയോധവധത്തിന്നായ്
കത്തും കോപാൽക്കൊതിച്ചുതേ. 44

കുന്തമേറവ ഹയം വിട്ടു
കീഴെ വീണോർ പരസ്പരം
കത്തിയാൽപ്പോരുതാർ പിന്നെ-
ക്കേശാ൨കശി ഭുജാഭുജി. 45

തേരാളി കണയാൽക്കൊന്ന
തേരാളി മരിയാപ്പടി
പോരാടാൻ വില്ലിണക്കും മ-
ട്ടാരാൽ വീഴാതെ വാണതേ. 46

വിണ്ടുമെയ്യീല മോഹിച്ചു
വിണോരാരഥിയേ രഥി
വിറോടുണ ന്നെന്നിററിട്ടം
വീഴ്ചവാനെന്ന വാഞ്ഛയാൽ. 47

പരസ്പരം വധിച്ചേകാ-
പ്സരസ്സിൽക്കൊതിയാൽദ്ദിവി
പരം മല്ലിട്ടു തേരാളി-
വരർ വീണ്ടും വരായുധർ. 48

കഴുത്തു തമ്മിൽക്കണ്ടിച്ചു
കാന്ത്യാ വാനേറി രണ്ടു പേർ
കണ്ടാരടക്കളത്തിൽത്തൽ-
ക്കബന്ധക്കുളത്തു ചാപികൾ. 49

പടന്ന തുഷ്യാരവവും പിശാചിമാർ
തുടന്ന പാട്ടും ദിശി തിങ്ങി വിങ്ങവേ
പടക്കളം ചേന്ന കബന്ധമായുധ-
ത്തൊടന്നു ചോരച്ചുളിയിൽക്കളിച്ചുതേ. 50

അടിയിലതിയായ് മുങ്ങിത്തിങ്ങിദിഗ്ഗജങ്ങളെഴും നിണ-
ത്തടിനികളൊഴുക്കിപ്പോരേവം സുരാസുരർ ചെയ്യവേ
കൊടിയ പുരികം കോടി,ക്കണ്ണും തുടുത്തസുരേശ്വരൻ
ഝടിതി ബത! നേരിട്ടാനാശരേശരോടു രണോത്സുകൻ.

പതിനാറാം സർഗ്ഗം കഴിഞ്ഞു.

# പതിനേഴാം സർഗ്ഗം

പാരിച്ച പോൎക്കലി കൊതിച്ചു പരം പ്രമോദാൽ
നേരിട്ട താരകനെയങ്ങിനെ കണ്ടനേരം
പോരിന്നിറങ്ങി മദമാൎന്നു ദിഗീശരസ്ത്രം
കോരിച്ചൊരിഞ്ഞിരുൾ നിറഞ്ഞ രണാങ്കണത്തിൽ. 1

ഘോരാട്ടഹാസമൊടെതൃത്തമരാരിവീരൻ
ശ്ശൂരാമരേന്ദ്രരിലടച്ചു ശരം പൊഴിച്ചു
ധാരാധരപ്രവരമിങ്ങു ധരാധരത്തിൽ
ത്തോരാതെ തുള്ളി വലുതാം പെരുമാരിപോലെ. 2

ഇന്ദ്രാദി ദിൿപതികളെയ്യു ശിതാശുഗങ്ങൾ
ചെന്നാദിതേയവിമതേന്ദ്രശരോൽക്കരത്തെ
ഒന്നാപ്പലേ മുറികളാക്കി മുറിച്ചു തള്ളി
യന്നാശു താൎക്ഷ്യനുരഗങ്ങളെയെന്നപോലെ. 3

കത്തുംമുഖത്തോടഖിലത്ര പരന്നു തൻപേ_
രൊത്തുള്ള തീക്ഷ്ണശരപംക്തികൾകൊണ്ടുമൂടി
അത്തുംഗദേവശരമാരിയെയിട്ടെരിച്ചു
മെത്തും സുരാരി, ശിഖി പുൽനിരയെക്കണക്കെ. 4

ദൎപ്പം കലൎന്നു കളിയായഥ ദാനവേന്ദ്ര
നല്പന്നരോഷമുടനെയ്യൊരിഷുക്കളപ്പോൾ
ഒപ്പം പുരന്ദരമുഖാമരരെക്കരാള_
സൎപ്പങ്ങളായ് സപദി ചെന്നു പിടിച്ചുകെട്ടി. 5

വാതാശപാശവിശിഖങ്ങളാം വരിഞ്ഞുകെട്ടും
ഭീതാമരപ്രവരമുഖ്യദിഗീശരപ്പോൾ
സ്ഫീതാർത്തിമൂത്തഴൽകെടാൻ നെടുവീർപ്പുമിട്ട-
ങ്ങ് ഭൂതാധിനാഥസുതസന്നിധി തന്നിലെത്തി. 6

സൂനാസ്ത്രശത്രുസുതദൃഷ്ടി പതിച്ചവാറേ
പീനാഹിപാശദൃഢബന്ധവിപത്തു നീങ്ങി
നാനാമിലിമ്പർ ഹരിമുഖ്യരടുത്തു ദേവ-
സേനാനിയായ വിജിഗീഷുവിനെ സ്തുതിച്ചു. 7

നേരറ്റകോപശിഖി കാളിന ദൈത്യരാട്ട-
ന്നേരത്തു സൂതനൊടുരച്ചിതു ചണ്ഡബാഹു:—
"സ്വൈരം സ്മരാരിസുതനുള്ളൊരു നോക്കിനാൽ മൽ-
ഘോരാസ്ത്രബദ്ധവലവൈരിമുഖാമരന്മാർ, 8

കെട്ടറ്റഴന്നു, മതിയിന്നവർ, തീനിനുള്ള
വട്ടം കുറക്കനിവനാലിഹക്കൂട്ടവൻ ഞാൻ
പെട്ടന്നു വിട്ടിടുക മത്തഗുഹന്റെ നേർക്കു
ചട്ടറ്റ തേരവനെയൊന്നിഹ പാർത്തിടട്ടേ." 9

വീറാന്ന വൈരിനിവഹത്തെയരച്ചു ചേരും
ചോറാലെ മൂടുമുരുളൊത്തൊരു തദ്രഥത്തെ
പാരാതെ സാരഥിയുഗാന്തമുകിൽക്കു നേരാം
ഘോരാരവം പെരുകുമാറു തദാ നടത്തി. 10

തേരായതാ പ്രളയവാതചലാദ്രിപന്നു
നേരായ് ദളൽബലരവാലതിരൗദ്രമായി
ആരാലണഞ്ഞളവമത്ത്യകുലേന്ദ്രസൈന്യം
തീരാത സംഭ്രമമിയന്നു ഭയാൽ വിറച്ചു. 11

പേടിച്ചൊഴിക്കുമമരപ്പടകണ്ടു വമ്പോ-
രാടിക്കളിക്കു കൊതിപൂണ്ടു ഗുഹന്റെ നേരേ
തേടിജ്ജവാൽക്കൊടിയ വില്ലു കരത്തിലേന്തി-
യോടിച്ചു തേരിലവനെത്തിയിവണ്ണമോതി. 12

"രേ! ശംഭുതാപസശിശോ! ബലഗവ്വവിട്ടു
നീ ശത്രുകാര്യമിതിൽ നിന്നിഹ പിന്തിരിക്കു
ഈ ശസ്ത്രമെന്തിനു നിനക്കിതു ചേരുകില്ല
ലേശം, കിടാവിന്നിതു കയ്യിനു ഭാരമല്ലേ? 13

നീയാണൊരുണ്ണി ഗിരിജാഗിരിശ,ക്കിതെന്തി-
നായാശുഗം മമ തറച്ചു മരിച്ചിടുന്നു
പോയാലുമീയടൽവെടിഞ്ഞു മടിക്കുചേർക്കു
മായാതകാന്തി ജനനീജനകക്കുടൻ നീ. 14

അണ്ടക്കധിശനൊടു വേഴ്ച, ശരിക്കു കാര്യം
കണ്ടങ്ങു കൈവെടിയുകാശു ഗിരീശസൂനോ!
കുണ്ടൻകയത്തിൽ മുഴുകീടുമവൻ ഭവാനെ
ക്കൊണ്ടങ്ങു മുക്കുമൊരു കൽച്ചെറുവഞ്ചിപോലെ." 15

അത്താരകൻെറ മൊഴികേട്ടു വിരിഞ്ഞനൽച്ചെ-
ന്താമരയൊടൊത്തു മിഴി ചുണ്ടു വിറച്ചുരോഷാൽ
ഒത്താവിധത്തിലതിമൈശി ധനുസ്സുനോക്കി
മത്താസുരേന്ദ്രനൊടു ശക്തി ധരൻ പറഞ്ഞു:— 16

"ദേവാരിനായക! ഭവാൻ മദമാട്ടമോതു-
മീവാക്കു ചേരുമഖിലം തവ ന്യായ,മെന്നാൽ
ഹേ! വാഞ്ഛയുണ്ടിവനു നിൻെറ കരുത്തു കാണ്മാൻ
നീ വാച്ച വില്ലിതു കുലയ്ക്കുകെടുക്ക ശസ്ത്രം." 17

എന്നോതുമൈശിയൊടു ചുണ്ടു കടിച്ചു ദൈത്യ-
നന്നോതി, "നീ ബലമദാലടൽതാൻ കൊതിപ്പൂ;
വന്നോരു വൈരിയുടെ ചോര പുരണ്ടു പൃഷ്ഠം
ചേർന്നോരു മൽക്കണകൾ നീ യധുനാ സഹിയ്ക്കു." 18

ക്രുദ്ധാതിഭീമഭുജഗേന്ദ്രനിഭസ്വചാപേ
യുദ്ധാത്ഥമൈശിയഥ ജൈത്രശരം തൊടുക്കെ
അദ്ധാ പരക്കു യുധിനോക്കരുതാത വില്ലി-
ലദ്ധാടിയുള്ളസുരനുഗ്രശരങ്ങൾ ചേർത്തു. 19

അക്കാതിനററമണയുംവരയും വലിച്ച
നൽക്കാർമ്മുകം കണകളെയ്യുത പൊരവചുരവം
നില്ക്കാതരശ്മിനിരയാൽദ്ദിവി ചായമിട്ടും
ദിക്കാകവേ നരപെടുംപടി വെള്ള തേച്ചും. 20

എണ്ണം പെടാപ്പടി സുരാരി ധനുസ്സുവിട്ട-
ച്ചണ്ണം ജ്വലിച്ച ഭടഭീതിദനാദമോടെ
തിണ്ണം വരും കണ സുരപ്പടമൂടവേ മൃ-
കണ്ണപ്രിയാത്മജനെയാളുകൾ കണ്ടതില്ല. 21

കാതോളമൈശി കുലവില്ലു വലിച്ചുവിട്ട
ശാതോഗ്രജൈത്രശരസഞ്ചയവും തദാനീം
വീതോപമം ബത വിയത്തിൽ നിറഞ്ഞു ദൈത്യ-
ന്നെയ്യോരിഷുക്കളെ മുറിച്ചു മുറിച്ചുവീഴ്ത്തി. 22

പാരം ജവാൽ നിഖിലഖേചരഖേദവേരാ-
യോരസ്സുരാരിശരദുൎദ്ദിനമററവാറേ
സ്വൈരം സ്മരാരിസുതനുൾക്കട ദുൎദ്ധരാഭാ-
പൂരം പ്രഭാപ്രഭു കണക്കെ പുലൎത്തി മിന്നി. 23

മായാത ദുസ്സഹമഹസ്സിതുമട്ടപാര-
മായാ മഹേശസുതനാൎന്നളവേ തരസ്വി
മായാപ്രചാരവിരുതുള്ള മഹാസുരേന്ദ്രൻ
മായാമയാത്ഭുതരണം തരസാ ത്തുടൎന്നു. 24

പോരാ പുരാരിജനെ വെൽവതിനുഗ്രശസ്ത്ര-
പ്പോരാകിലെന്നതിരുഷാ കലിതാട്ടഹാസം
പാരാകെ വെന്ന പടുദൈത്യവരൻ സഹേലം
പാരാതെ വില്ലിലഥ ചേൎത്തു സമീരണാസ്ത്രം 25

ഭൂതഭ്രമം പ്രളയകാലനിലഗ്നി ചേർത്ത-
മ്പെയ്യുന്ന പോലഴ പരുഷഭീഷണഘോഷമോടേ
വാതം വിയൽദ്ദിശകൾ മൂടിയ രേണുവാൽ ഖ-
ദ്യോതമ്പരം മറയുമാറവിടത്തിൽ വീശി. 26

അഭ്രാന്തരേ പട്ടമരുത്തതമർത്ത്യകന്ദ-
ശുഭ്രാതപത്രനിരനീളെയടിച്ചു ചിന്നി
അഭ്രാഭധൂളിയണിവാന്നിടത്തുനിന്നു-
മുൽഭ്രാന്തകാന്തകളഹംസകുലം കണക്കേ. 27

തൂമല്ലികാഭ, സുരസൈന്യപതാകയെങ്ങും
വ്യോമത്തിലക്കൊടിയ കാററിൽ മുറിഞ്ഞു ചിന്നി
ആമഞ്ജുഗംഗ പലകൈവഴിയായൊലിച്ചു-
മാമട്ടുകാട്ടിന സിതാംബരശോഭയോടേ. 28

പാരിച്ച കാററതിലുലഞ്ഞു പറന്നുവീണു
പാരിൽ ദളൽക്കുഥനിലിമ്പമഹാഗജങ്ങൾ
നേരിട്ടു നാകികൾവരൻ കുലിശത്തിനാലേ
ഭൂരിക്രുധാ ചിറകരിഞ്ഞ ഗിരീന്ദ്രർപോലേ. 29

വല്ലാത്ത കാററു സുരസേനയിലുള്ളൊരററ-
മില്ലാത്ത തേർകളിലെ വാജിയടിച്ചു വീഴ്ത്തി
ചൊല്ലാർന്ന സാരഥികളെബ്ഭുവി തട്ടിയിട്ടു
നില്ലാതെ വീശി വലുതാം രഥവും മറിച്ചു. 30

ആ വാതമേററഴലൊടായുധവും വെടിഞ്ഞു
ദേവാധിപപ്പടയിലുള്ള തുരംഗവാഹർ
ദേവാരിശസ്ത്രമണയാതെ നിലത്തു, നില്പാ
നാവാതെ വീണു വരവാഹഗണം പതിച്ചേ. 31

അക്കാററടിച്ചമരസൈന്യപദാതി കയ്യിൽ
നില്ക്കാതെ ശസ്ത്രനിര വീണു കരഞ്ഞു പാരം
ഉൾക്കാളുമല്ലലൊടുണക്കിലപോലെ ദൂര-
ദിക്കാശു വാനിലുടനെത്തി നിലത്തുവീണു. 32

സുവ്യക്തമേവമമരപ്പടയൊക്കയും വാ-
യവ്യം മഹാസ്ത്രമതിനാലഴലാർന്നനേരം
ദിവ്യപ്രഭാവമുടനാർന്ന സുരേന്ദ്രലക്ഷ്മീ-
ഭവ്യത്തിനേകവഴിയാം വിരുതാർന്നദേവൻ. 33

ശർവ്വാത്മജൻെറ വിരുതാലഴലാശു നീങ്ങി-
സ്സർവ്വാമരപ്പടയുമന്നടലിന്നടുക്കേ
ഗർവ്വാർന്ന പാവകമഹാസ്ത്രമയച്ചു വേഗം
ദുർവ്വാരകോപശിഖി കാളിന ദൈത്യനാഥൻ. 34

കാർമഞ്ജുമേഘനിറമാർന്നിരു,ളാശതോറും
വ്യോമത്തിലെങ്ങുമളവററളവാംവിധത്തിൽ
ധൂമം ജഗത്തഖിലമാശു മറച്ചു പൊങ്ങീ-
ശ്യാമപ്രഭോല്ലസലകുലാമലമാലപോലേ. 35

ദിക്കാകെ മൂടുമിരുളും ചേർത്തിടതൂർന്നുവിങ്ങു
മക്കാർകണക്കു പുക വാനിൽ നിറഞ്ഞുകാണ്കെ
നില്ക്കാതെ മാനസസരസ്സിനുടൻ ഗമിപ്പാ-
നുൾക്കാമ്പിലോർത്തു സഹസാ കളഹംസവൃന്ദം. 36

എത്തിപ്പുരം പ്രളയകാലശിഖിക്കുനേരാ-
മത്തി,യ്യമർത്ത്യവരസേനയിലെങ്ങുമപ്പോൾ
കത്തിട്ടിശാമുഖമുടൻ തെളിയിച്ചുമാകാ-
ശത്തിൽച്ചുവപ്പുനിറമേകിയുമുജ്ജ്വലിച്ചു. 37

കോലാഹലത്തൊടുയരും ശിഖിതന്നതുല്യ-
ജ്വാലാകുലങ്ങളിലവററിളകിത്തദാനീം
നീലാഭ്രമൊത്ത പുകയിൽപ്പുതുമിന്നലെന്ന-
പോലാശു വാനിടമടച്ചു തദാ പരന്നു. 38

പേടിച്ചു ഖേചരരുമോടിടുമാറു ദീപ്തി
കൂടി ജ്വലിച്ചു പടുദുസ്സഹവഹ്നിയാലേ
വാടിക്കരിഞ്ഞൊരു വലാന്തകസൈന്യമെല്ലാം
തേടിത്തദാ ഗിരിശനന്ദനനോടടുത്തു. 39

ഘോരാഗ്നിയാൽ പ്പരവശത്വമിവണ്ണമാർന്നു-
ള്ളോരാദിതേയവരസൈന്യമുഴന്നുകാണ്കെ
സ്മേരാനനാബ്ജനഥ തന്റെ ശരാസനത്തിൽ
മാരാരിജൻ ബത തൊടുത്തിതു വാരുണാസ്ത്രം. 40

ഘോരാന്ധകാരനികരപ്പടിയും യുഗാന്ത-
സ്ഥാരാനലപ്പുക കണക്കുമഹോ! വിയത്തിൽ
ആരാവ,മദ്രിമുടി പൊട്ടിടുമാറയത്തും
ധാരാധരങ്ങളിടതൂൎന്നു നഭസ്സുചേൎന്നു. 41

നീലച്ച നീരദനിരക്കിടയിൽ,ച്ചുവപ്പു-
ദേലം വളൎത്തു ദിശി, ഭീഷണഘോഷമോടെ
കാലൻ യുഗാന്തസമയേ നിജനാവുലക്കും
പോലന്നു പേടിപെടുമാറിടിമിന്നലാൎന്നു. 42

ഉത്താളകാളരജനീനിറമാൎന്നുരം നീ-
രൊത്താശ കാട്ടുമിടിമിന്നൽ വിടാതിണങ്ങി
തത്താദൃഗഭ്രനിര ഭീഷണഘോരഘോഷ-
വിത്തായ്‌വിയത്തിലഖിലം തരസാ പരന്നു. 43

എല്ലാദ്ദിശാമുഖവുമഭ്രവുമാശുമൂടി
നില്ലാതെ വെട്ടമിടിയാലഴലുള്ളിനേകി
വല്ലാത്ത പേമഴപൊഴിച്ചിതു ച്ചുറവ,മററ-
മില്ലാതെപൊങ്ങിയിടതിങ്ങിടുമംബുദങ്ങൾ. 44

വാനാശു കൂരിരുളിൽ മൂടി മഹാസുരേന്ദ്ര
സേനാഗണത്തിന്നിടിയാലഴലേററമേകി
പീനാംബുദങ്ങൾ പൊഴിയും മഴയാലെ കെട്ടു
നാനാജഗത്തുനിരയും ദഹനാസ്ത്രജാഗ്നി. 45

ജാതോരുഭീതിയൊടു ദേവകളോടുമാറ
ശാതോഗ്രമാൎഗ്ഗണഗണങ്ങൾ മഹാസുരേന്ദ്രൻ
കാതോളമാശു കുലവില്ലു വലിച്ചുവിട്ടാൻ
ചേതോഭവാരിസുതനിൽക്കടുകോപമോടേ. 46

ഭീമാശുഗവ്രജമതും ദനുജന്റെ വില്ലും
കാമാരിജൻ ത്വരിതമൊക്കെ നുറുക്കിയിട്ടു
ആ മായതൻ വിരുതെഴും വിഷയങ്ങളെല്ലാം
ധീമാൻ യമാദിവിധിയാലൊരു യോഗിപോലെ. 47

പേടിക്കുമാറു പൂരികങ്ങൾ വളച്ചു കോപം
കൂടിക്കരാളകരവാളുമുലച്ചു പിന്നെ
ഓടിപ്പുരാരിജനുനേൎക്കു രഥത്തെ വിട്ടു
ചാടിജ്ജവത്തൊടുമടുത്തിതു ദൈത്യനാഥൻ. 48

സൎവ്വാമരപ്രവരസൈനികർ പേടിതേടും
ദുൎവ്വാരബാഹുബലശാലി പടക്കുടക്കെ
ശൎവ്വാത്മജൻ പ്രളയവഹ്നിയൊടൊത്ത ശക്തി
ഗൎവ്വാന്ധദൈത്യനുടെ നേൎക്കു തെളിഞ്ഞയച്ചു. 49

ആകാശദിക്കുകളിലൊക്കയുമംശുവീശി
ശ്രീകാച്ച ശക്തി ദനുജേശ്വരഹൃത്തടത്തിൽ
ലോകാധിപക്കുളിർസുഖാശ്രുവൊടും സുരാരി-
ശോകാകുലോഷ്ണനയനാംബുവൊടും പതിച്ചു. 50

വേലേറവടൻ പ്രളയവാതധുതാദ്രിശൃംഗം
പോലേ മരിച്ചു സുരമൌലി പതിച്ചകാലേ
ചേലേറുമാറു പുളകാഞ്ചിതഗാത്രരായ-
ക്കാലേ വലാരിമുഖവാനവർ മോദമാർന്നു. 51

പ്രാണങ്ങൾ പോയ് പ്രളയകാലചലാചലേന്ദ്രൻ
വീണാക്കണക്കസുരമൌലിപതിക്കയാലേ
താണദ്ധരിത്രി,യവനുള്ളുടലിൻകനത്താൽ
ക്ഷീണംപെടും ഫണകളാൽ ഫണിമൌലി താങ്ങി. 52

വാനാറുമന്തിക്കണമണിഞ്ഞുസുഗന്ധവായ്പിൽ
പ്പീനാശപൂണ്ട വരിവണ്ടു വിടാതിണങ്ങി
സൂനാസ്ത്രശത്രുസുതമൌലിയിൽ വാനിൽനിന്ന-
ന്യൂനാഭകല്പകമലർപ്പുതുമാരി പെയ്തു. 53

വിമലകവചഭേദകാരിരോഃമാൽ
ഗമമൊടു വാസവമുഖ്യവാനവന്മാർ
വിമതദനുജവധ്യവൈരിവിഷ്ടം
പ്രമദമുഖദ്യുതി പൂണ്ടുടൻ പുകഴ്ത്തി. 54

അലർശരരിപുപുത്രൻ ജിഷ്ണുവേവം രണേ മൃ-
ദ്വലകിനുമരിയാമദൈത്യനെക്കൊന്നശേഷം
വലരിപു സുരമൌലിക്കുള്ളരുമ്മന്നൊരക്കാൽ-
മലരൊടമരലോകാധീശനായുല്ലസിച്ചു. 55

പതിനേഴാം സൎഗ്ഗം കഴിഞ്ഞു.

B158

PRINTED AT THE VIDYA VINODINI PRESS, TRICHUR.

MUL
034830

13 MAY 1937